بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 7

ലക്കം 32

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ആഗസ്റ്റ് 11/ഹി.ശം. 1401 ള്വുഹൂർ 11/ഹിജ്റ 1444 മുഹർറം 12

## അല്ലാഹുവിന്റെ വചനം

رَبَّنَا لَا تَجۡعَلۡنَا فِتۡنَةً لِّلَّذِيۡنَ كَفَرُوۡا وَاغۡفِرۡ لَنَا رَبَّنَا ۚ اِنَّكَ اَنۡتَ الۡعَزِيۡزُ الۡحَكِيۡمُ ○ (سُوۡرَةُ الۡمُمۡتَحِنَةِ: 06)

‘ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ (സത്യത്തെ) നിഷേധിച്ചവർക്ക് ഒരു പരീക്ഷണപാത്രമാക്കരുതേ. ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞനുമാണ്.’ (60:6)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ദാവൂദ്[അ] സ്വയം അധ്വാനിച്ച് ഭക്ഷിച്ചിരുന്നു.

(2072) ഹദ്റത്ത് മിഖ്ദാം(ബിൻ സഅ്ദീ കർബ്) നിവേദനം. നബി[സ] തിരുമേനി പറഞ്ഞു: ‘സ്വന്തം കൈകൊണ്ട് അധ്വാനിച്ച് നേടിയതിനെക്കാൾ ഉത്തമമായ ഭക്ഷണം ഒരാളും ഭക്ഷിച്ചിട്ടില്ല. പ്രവാചകനായ ദാവൂദ്(അ)തന്റെ കൈകൊണ്ട് അധ്വാനിച്ചാണ് ഉപജീവനം കഴിച്ചിരുന്നത്.”

(2077) നബി[സ]തിരുമേനി പറഞ്ഞു: “നിങ്ങൾക്കു മുമ്പേ കഴിഞ്ഞ ജനതയിലൊരാളുടെ ആത്മാവിനെ മലക്കുകൾ ഏറ്റുവാങ്ങി. അവർ പറഞ്ഞു: നീ വല്ല നന്മയും ചെയ്തിട്ടുണ്ടോ? ഞെരുക്കക്കാരായ കടക്കാർക്ക് അവധി കൊടുക്കാനും പണക്കാരായ കടക്കാരോടു വിട്ടുവീഴ്ച കാണിക്കാനും ഞാനെന്റെ കാര്യസ്ഥന്മാരോടു കല്പിക്കാറുണ്ടായിരുന്നുവെന്ന് അയാൾ മറുപടി പറഞ്ഞു. അതിനാൽ അല്ലാഹു അയാളുടെ പാപങ്ങൾ മാപ്പു ചെയ്തു കൊടുത്തു.” മറ്റൊരു നിവേദനമനുസരിച്ച് അദ്ദേഹം പറഞ്ഞു: “ഞാൻ സമ്പന്നരോടു മൃദുലതയോടെ പെരുമാറുന്നു ദരിദ്രർക്ക് അവധി കൊടുക്കുന്നു.”

(2078) നബി[സ]തിരുമേനി പറഞ്ഞു: “ഒരു കച്ചവടക്കാരൻ ജനങ്ങൾക്ക് കടം കൊടുക്കാറുണ്ടായിരുന്നു. അയാൾ ഞെരുക്കക്കാരനെ കണ്ടാൽ തന്റെ കാര്യസ്ഥന്മാരോടു പറയും, നിങ്ങൾ അയാൾക്ക് വിട്ടുവീഴ്ച ചെയ്യുവിൻ. അല്ലാഹു എനിക്കും വിട്ടുവീഴ്ച നല്കിയേക്കാം. അപ്പോൾ അല്ലാഹു അയാൾക്ക് വിട്ടുവീഴ്ച നല്കി.” *(ബുഖാരി, വാല്യം 4, കിതാബുൽബുയൂഅ് പ്രസാധനം ഖാദിയാൻ 2008)*

**ഓരോ കാര്യവും പറയുന്നതിനുമുമ്പേ അതിന്റെ ഫലമെന്തായിരിക്കുമെന്ന് ചിന്തിക്കുക. അതു പറയുന്നതിന് അല്ലാഹുവിന്റെ അനുവാദമെത്രമാത്രമാണുള്ളത്. ഇതു ചിന്തിക്കാതെ സംസാരിക്കരുത്. ദ്രോഹങ്ങൾക്ക് കാരണവും കുഴപ്പങ്ങൾക്ക് നിമിത്തവുമാകുന്ന കാര്യം സംസാരിക്കുന്നതിനെക്കാൾ നല്ലത് സംസാരിക്കാതിരിക്കുന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

നാവുകൊണ്ടുതന്നെയാണ് മനുഷ്യൻ തഖ്‌വായിൽനിന്ന് ദൂരപ്പെട്ടുപോകുന്നത്. നാവുകൊണ്ടുതന്നെയാണ് അഹങ്കാരമെടുക്കുന്നത്. നാവുകൊണ്ടുതന്നെയാണ് ഫിർഔനീ ഗുണങ്ങൾ വരുന്നത്. ഇതേ നാവുകൊണ്ടുതന്നെയാണ് രഹസ്യമായ കർമങ്ങൾ പ്രദർശനപരതയിലേക്ക് മാറ്റപ്പെടുന്നത്. നാവിന്റെ നഷ്ടം വളരെ വേഗമുണ്ടാകുന്നു. ഹദീഥ് ശരീഫിൽ വന്നിരിക്കുന്നു, ‘ആരാണോ നാഭിയുടെ താഴെയുള്ള അവയവത്തേയും നാവിനേയും ദോഷങ്ങളിൽനിന്ന് രക്ഷിക്കുന്നത് അവന്റെ സ്വർഗത്തിന്റെ ചുമതല ഞാനേറ്റെടുക്കുന്നു.’ ഹറാം ഭക്ഷിക്കുന്നത് കളവുകൊണ്ടുള്ളത്ര നഷ്ടമുണ്ടാക്കുകയില്ല. ഇതിൽനിന്ന് ഹറാം തിന്നുന്നത് നല്ല കാര്യമാണെന്ന് ആരും മനസ്സിലാക്കരുത്. അങ്ങനെയാരെങ്കിലും മനസ്സിലാക്കുകയാണെങ്കിൽ ഇതു ഗുരുതരമായ തെറ്റാണ്. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം ആരെങ്കിലും ഗതിമുട്ടി തിന്നുകയാണെങ്കിൽ അത് മറ്റൊരു കാര്യമാണ്. പക്ഷേ, അവൻ തന്റെ നാവുകൊണ്ട് പന്നിയെ തിന്നാമെന്ന് ഫത്‌വ നല്കുകയാണെങ്കിൽ അവൻ ഇസ്‌ലാമിൽനിന്ന് ദൂരത്തേക്ക് കടന്നുപോകുന്നു. അവൻ അല്ലാഹു ഹറാമാക്കിയതിനെ ഹലാലാക്കുന്നു. ചുരുക്കത്തിൽ ഇതിൽനിന്ന് മനസ്സിലാകുന്നത് നാവുകൊണ്ടുള്ള നഷ്ടം അതിഭയാനകമാണെന്നാണ്. അതുകൊണ്ട് മുത്തഖി തന്റെ നാവിനെ അങ്ങേയറ്റം നിയന്ത്രണത്തിൽ വെക്കുന്നു. തഖ്‌വായ്ക്ക് വിരുദ്ധമായ ഒരു കാര്യവും അവന്റെ വായിൽനിന്ന് പുറപ്പെടുകയില്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ നാവിന്റെമേൽ ഭരണം നടത്തുക. അല്ലാതെ നാവ് നിങ്ങളുടെമേൽ ഭരണം നടത്തുകയും നിങ്ങൾ വ്യർഥമായി സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്യാൻ പാടില്ല.

ഓരോ കാര്യവും പറയുന്നതിനുമുമ്പേ അതിന്റെ ഫലമെന്തായിരിക്കുമെന്ന് ചിന്തിക്കുക. അതു പറയുന്നതിന് അല്ലാഹുവിന്റെ അനുവാദമെത്രമാത്രമാണുള്ളത്. ഇതു ചിന്തിക്കാതെ സംസാരിക്കരുത്. ദ്രോഹങ്ങൾക്ക് കാരണവും കുഴപ്പങ്ങൾക്ക് നിമിത്തവുമാകുന്ന കാര്യം സംസാരിക്കുന്നതിനെക്കാൾ നല്ലത് സംസാരിക്കാതിരിക്കുന്നതണ്. പക്ഷേ, സത്യമായ കാര്യം പ്രകടിപ്പിക്കുന്നതിൽനിന്ന് മടിച്ചു നില്ക്കുന്നതും മുഅ്മിനിന്റെ തേജോവിലാസത്തിൽനിന്ന് വിദൂരമാണ്. ആ നേരത്ത് ഏതെങ്കിലും ശകാരിക്കുന്നവന്റെ ശകാരം നാവിനെ തടയരുത്. നോക്കുക! നമ്മുടെ നബി[സ]തിരുമേനി തന്റെ പ്രവാചകത്വം വിളംബരം ചെയ്തപ്പോൾ കൂടെയുണ്ടായിരുന്നവരെല്ലാം ശത്രുക്കളായി. പക്ഷേ, അവിടന്ന് ഒരു നിമിഷംപോലും ആരേയും വകവെച്ചില്ല. എത്രത്തോളമെന്നാൽ അദ്ദേഹത്തിന്റെ പിതൃവ്യൻ അബൂത്വാലിബ് ജനങ്ങളുടെ പരാതികളിൽ പൊറുതിമുട്ടി പറയുകപോലും ചെയ്തു. ആ നേരത്തും അവിടന്ന് വ്യക്തമായും പറഞ്ഞു:അത് പ്രകടിപ്പിക്കാതിരിക്കാൻ എനിക്കു സാധ്യമല്ല. എന്നോടൊപ്പം നില്ക്കാനോ നില്ക്കാതിരിക്കാനോ അങ്ങയ്ക്ക് അധികാരമുണ്ട്.*(മൽഫൂദാത്ത് വാല്യം 1, പേജ് 382, പ്രസാധനം ഖാദിയാൻ 2018)*

**അഹ്‌ലെ ഖുർആൻ എന്ന് പറയപ്പെടുന്നവർക്ക് ഈ പ്രശ്നത്തിൽ ഗുരുതരമായ അബദ്ധം പിണഞ്ഞിരിക്കുന്നു. അവർ പറയുന്നത്, മുഹമ്മദു റസൂലുല്ലാഹി[സ]നമ്മളെപ്പോലെ ഒരു മനുഷ്യനായിരുന്നു. അദ്ദേഹം പറയുന്നത് എന്തിന് അംഗീകരിക്കണം? എന്താണോ വിശുദ്ധ ഖുർആനിലുള്ളത് അതിൽ വിശ്വസിക്കുന്നതായിരിക്കുമെന്നാണ്. മുഹമ്മദ് റസൂലുല്ലായ്ക്ക് അല്ലാഹു വിശുദ്ധ ഖുർആനിന്റെ അറിവ് ഏറ്റവും കൂടുതൽ നല്കിയിരുന്നു. ആ മഹാത്മാവ് വിശുദ്ധ ഖുർആനിൽനിന്ന് എന്തൊരു ഉദ്ദേശ്യമാണോ എടുത്തിരുന്നത് നമുക്ക് എടുക്കാൻ പറ്റുകയില്ല. ഈ ഹദീഥ് ശരിയാണോ എന്ന കാര്യത്തിൽ ചർച്ച ചെയ്യുക എന്നതാണ് നമ്മുടെ കടമ. എന്നാൽ, ഹദീഥ് ശരിയാണെന്നും നബി[സ]തിരുമേനിയാണ് തെറ്റു ചെയ്തതെന്നും നമുക്ക് പറയാൻ പറ്റുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] സൂറ നഹ്‌ലിലെ ***വ യൗമ നബ്അഥു ഫീ കുല്ലി ഉമ്മത്തിൻ ശഹീദൻ അലയ്ഹിം മ്മിൻ അൻഫുസിഹിം വ ജിഅ്നാ ബിക്ക ശഹീദൻ അലാ ഹാഉലാഇ വ നസ്സൽനാ അലയ്ക്കൽ കിതാബ തിബ്‌യാനൻ ലികുല്ലി ശയ്ഇൻ വ്വഹുദൻ വ്വ റഹ്മത്തൻ വ്വബുശ്റാ ലിൽമുസ്‌ലിമീൻ*** (എല്ലാ ഓരോ സമുദായത്തിലും നാം അവർക്കെതിരായി അവരിൽനിന്നുള്ള ഓരോ സാക്ഷിയെ എഴുന്നേല്പിക്കുകയും(അപ്രകാരം) ഇക്കൂട്ടർക്കെതിരിൽ നിന്നെ ഒരു സാക്ഷിയായി നാം കൊണ്ടുവരികയും ചെയ്യുന്ന നാളിനെ സ്മരിക്കുക. ഈ ഗ്രന്ഥത്തെ എല്ലാ കാര്യങ്ങളും വിശദീകരിക്കുന്നതും അനുസരണം പുലർത്തുന്നവർക്ക് മാർഗദർശകവും കാരുണ്യവും സുവിശേഷവുമായി നാം നിനക്ക് അവതരിപ്പിച്ചിരിക്കുന്നു.) എന്ന 90-ാമത്തെ വചനത്തിന് നല്കിയ തഫ്സീറിൽ പറയുന്നു:

ഈ ആയത്തിൽ മുമ്പേപറഞ്ഞ വിഷയം പൂർണമാക്കപ്പെട്ടിരിക്കുന്നു. പറയുന്നു: എല്ലാ നബിമാരും അവരവരുടെ മാതൃക സമർപ്പിക്കുമ്പോൾ, ആ നേരത്ത് നീയും ഈ ആളുകളുടെമേൽ സാക്ഷി എന്ന നിലയിൽ ഹാജരാക്കപ്പെടും. നാം നിന്നെ കാണിച്ചുകൊണ്ട് അവരോടു

ശേഷം പേജ് 12ൽ

ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
01 ജൂലായ് 2022
തുടർച്ച

ജുമുഅ ഖുത്വ്ബ
08 ജൂലായ് 2022

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അല്ലാഹു നിങ്ങൾക്കുവേണ്ടി ശയ്ത്വാന്മാരുടെ സംഘങ്ങളെ ഒരുമിച്ചു കൂട്ടിയിരിക്കുന്നു. യുദ്ധത്തെ സമുദ്രത്തിൽ തള്ളിയിട്ടിരിക്കുന്നു. അവൻ മുമ്പേ കരയിൽ നിങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചു കഴിഞ്ഞിട്ടുണ്ട്. ആ ദൃഷ്ടാന്തങ്ങൾ മുഖേന സമുദ്രത്തിലും നിങ്ങൾ പാഠം പഠിക്കുന്നതിന്! നിങ്ങളുടെ ശത്രുവിലേക്ക് പോകുക. സമുദ്രത്തെ പിളർത്തിക്കൊണ്ട് അവരുടെ അടുത്തേക്ക് മുന്നേറുക. കാരണം അല്ലാഹു അവരെ നിങ്ങൾക്കുവേണ്ടി ഒരുമിച്ച് കൂട്ടിയിരിക്കുകയാണ്.**

### നബി(സ) തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

**ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ഖിലാഫത്തു കാലത്ത് നടന്ന മതപരിത്യാഗികൾക്കും കലാപകാരികൾക്കും എതിരെ ഉണ്ടായ ഒമ്പതും പത്തും യുദ്ധ നടപടികളുടെ വിശദമായ ചർച്ച**

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തഫ്സീറിന്റെ വെളിച്ചത്തിൽ ഹദ്റത്ത് മൂസായുടെ ഹിജ്റത്തിന്റെ നേരത്ത് സമുദ്രം പിളർന്ന ദിവ്യദൃഷ്ടാന്തത്തെ കുറിച്ചുള്ള വിവരണം**

**ബഹ്റയ്നിന്റേയും യമന്റേയും പ്രദേശങ്ങളിൽ മുസ്‌ലിം സൈന്യത്തിന് മതപരിത്യാഗികളുടേയും കലാപകാരികളുടേയുംമേലുണ്ടായ ഗംഭീരമായ വിജയങ്ങളുടെ ചർച്ച**

**ഖുത്ബ ജുമുഅ 2022 ജൂലായ് 01/1401 വഫാ 1,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

**(ലക്കം 31, പേജ് 9, കോളം 1-ൽ നിന്നു തുടർച്ച)**

മുസ്‌ലിമീങ്ങൾ അവരുടെ കുടുംബക്കാരെ ഭൃത്യരോ അടിമകളോ ആക്കി. അവരുടെ സ്വത്തുക്കൾ പിടിച്ചെടുത്തു. ഓരോ കുതിപ്പടയാളിക്കും ആറായിരവും കാലാൾ പടയാളിക്ക് രണ്ടായിരവും ദിർഹം ഗനീമത്തായി കിട്ടി. മുസ്‌ലിമീങ്ങൾ കടൽത്തീരത്തൂടെ അവരുടെ അടത്തെത്താനും അവരെ നേരിടാനും പൂർണമായും ഒരു ദിവസമെടുത്തു. അതുകഴിഞ്ഞ് അവർ മടങ്ങിയെത്തി.

ഹദ്റത്ത് ഥുമാമ ബിൻ ഉഥ്ഥാലിന്റെ ശഹാദത്ത് സംഭവം എഴുതിയിട്ടുണ്ട്. ഹദ്റത്ത് അലാഅ് ബിൻ ഹള്റമീ അവിടെ താമസിക്കാൻ ഇഷ്ടപ്പെട്ടവരൊഴികെ എല്ലാ ആളുകളേയും തിരിച്ചുകൊണ്ടുവന്നു. ഹദ്റത്ത് ഥുമാമ ബിൻ ഉഥ്ഥാലും തിരിച്ചുവരുന്നവരിൽ ഉണ്ടായിരുന്നു. അബ്ദുല്ലാഹ് ബിൻ ഹദഫ് പറയുന്നു: ഞങ്ങൾ ബനൂ ഖയ്സ് ബിൻ ഥഅ്‌ലബായുടെ ഒരു അരുവിയുടെ അടുത്ത് നില്ക്കുകയായിരുന്നു. ആളുകളുടെ ദൃഷ്ടി ഹദ്റത്ത് ഥുമാമയിൽ പതിഞ്ഞു. അവർ ഹുത്വമിന്റെ കുപ്പായം അദ്ദേഹത്തിന്റെ ശരീരത്തിൽ കണ്ടു. ഹുത്വം വധിക്കപ്പെട്ടതിനുശേഷം അയാളുടെ കുപ്പായം ഗനീമത്തായി ഹദ്റത്ത് ഥുമാമയ്ക്ക് നല്കപ്പെട്ടതായിരുന്നു. അവർ ഒരാളെ അന്വേഷിക്കാൻ വേണ്ടി വിട്ടു. അതായത് ആ ഗോത്രക്കാർ പോയി ഥുമാമയോടു ഈ കുപ്പായം എവിടെനിന്നാണ് കിട്ടിയതെന്ന് അന്വേഷിച്ചുവരാൻ ഒരാളെ അയച്ചു. ഹുത്വമിനെ സംബന്ധിച്ചും താങ്കൾ തന്നെയാണോ ഹുത്വമിനെ വധിച്ചതെന്ന് ചോദിക്കാനും പറഞ്ഞു.(ഹുത്വം അവരുടെ നേതാവായിരുന്നു). അതല്ല മറ്റുവല്ലവരുമാണോ? അയാൾ ഹദ്റത്ത് ഥുമാമയോടു കുപ്പായത്തെ സംബന്ധിച്ചു ചോദിച്ചു. തനിക്കത് ഗനീമത്ത് മുതലിൽനിന്നു കിട്ടിയാതാണെന്ന് അദ്ദേഹം പറഞ്ഞു. താങ്കളാണോ ഹുത്വമിനെ വധിച്ചതെന്ന് അയാൾ ചോദിച്ചു. അല്ലെന്ന് ഥുമാമ പറഞ്ഞു. അയാളെ എനിക്ക് കൊല്ലണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും! ഈ കുപ്പായം താങ്കളുടെ കൈയിൽ എവിടെനിന്ന് വന്നു? എന്ന് അയാൾ ചോദിച്ചു. ഹദ്റത്ത് ഥുമാമ പറഞ്ഞു, അതിന്റെ മറുപടി മുമ്പേ ഞാൻ താങ്കൾക്ക് നല്കിക്കഴിഞ്ഞതാണ്. അതായത് ഗനീമത്ത് മുതലിൽനിന്ന് കിട്ടിയതാണെന്ന്. ആ ഗോത്രത്തിലെ ആ വ്യക്തി തിരിച്ചുവന്ന് അവിടെ നടന്ന സംസാരമെല്ലാം തന്റെ സുഹൃത്തക്കളോടു പറഞ്ഞു. പിന്നീട് അവരെല്ലാവരും സംഘടിച്ച് ഥുമാമയുടെ അടുത്തുവന്നു. അദ്ദേഹത്തെ വളഞ്ഞു. നിങ്ങൾ ഹുത്വമിന്റെ ഘാതകനാണെന്ന് അവരെല്ലാവരും പറഞ്ഞു. ഹദ്റത്ത് ഥുമാമ പറഞ്ഞു, നിങ്ങൾ കള്ളം പറയുന്നവരാണ്. ഞാനയാളുടെ ഘാതകനല്ല. ഈ കുപ്പായം എനിക്ക് ഗനീമത്ത് മുതലിൽനിന്ന് ഓഹരി ലഭിച്ചതാണ്. ഓഹരി ഘാതകന് മാത്രമാണ് ലഭിക്കുന്നതെന്ന് അവർ പറഞ്ഞു. ഹദ്റത്ത് ഥുമാമ പറഞ്ഞു:ഈ കുപ്പായം അയാളുടെ ശരീരത്തിലുണ്ടായിരുന്നില്ല. അയാളുടെ യാത്രാവാഹനത്തിൽനിന്നോ സാധനങ്ങളിൽനിന്നോ ആണ് ലഭിച്ചത്. നീ കളവാണ് പറയുന്നതെന്ന് ആളുകൾ പറഞ്ഞു. പിന്നീട് അവർ അദ്ദേഹത്തെ ശഹീദാക്കി. *(താരീഖ് അത്ത്വബരി വാല്യം 2, പേജ്289-290, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

പത്താമത്തെ യുദ്ധനടപടിയെ കുറിച്ച് എഴുതിയിരിക്കുന്നു. ഇത് മതപരിത്യാഗികളായ കലാപകാരികൾക്കെതിരെ ഹദ്റത്ത് സുവയ്ദ് ബിൻ മുഖർരിൻ(റ) നടത്തിയ പോരാട്ടമാണ്. ഹദ്റത്ത് അബൂബക്ർ(റ) ഒരു കൊടി ഹദ്റത്ത് സുവയ്ദ് ബിൻ മുഖർരിൻ(റ)ന് നല്കി. യമൻ പ്രദേശത്തുള്ള തിഹാമയിലേക്ക് പോകാൻ അദ്ദേഹത്തോടു കല്പിച്ചു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ്257, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)*

നിഘണ്ടുവിൽ തിഹാമ എന്നതിന്റെ അർഥം കഠിനമായ ചൂടിനും കാറ്റ് നിലയ്ക്കുന്നതിനും പറയുന്നുണ്ട്. ഇപ്രകാരം തന്നെ നിഘണ്ടുവിൽ അതിന്റെ ഒരു അർഥം താഴ്ച എന്നുമുണ്ട്. *(ലിസാനുൽ അറബ് തിഹാം നോക്കുക.)*

യമനിന്റെ പടിഞ്ഞാറു ഭാഗത്തും തെക്കു ഭാഗത്തും ഖുൽസം കടലിന്റെ തീരത്ത് താഴ്ന്ന സ്ഥലത്ത് ഒരു വക്കുണ്ട്. ഇതിനെ തിഹാമ എന്നു പറയുന്നു. ഈ ഭൂമിയിൽ നിരവധി താഴ്ന്നതും പക്ഷേ, ചേർന്ന് ചേർന്ന് മലകളും കാണാം. തിഹാമയുടെ വടക്കൻ അതിർത്തി മക്കയുടെ അടുത്തെത്തുന്നുണ്ട്. തെക്കൻ യമനിന്റെ തലസ്ഥാനം സ്വൻആയിൽനിന്ന് ഏകദേശം 350 ദൂരത്താണ് അവസാനിക്കുന്നത്. തിഹാമ യമനിന്റെ ഒരു ജില്ലയായിരുന്നു. അതിൽ ഒരുപാട് ഗ്രാമങ്ങളും കസബകളുമുണ്ടായിരുന്നു. *(ഹദ്റത്ത് അബൂബക്റിന്റെ സർക്കാരിഖുത്വൂത്, കിതാബ് മയ്‌ല, പേജ് 40-41, പ്രസാധനം അദാരയെ ഇസ്‌ലാമിയാത്ത് ലാഹോർ)*

ഇതാണ് തിഹാമുഹയ്മിന്റെ ഹ്രസ്വവിവരണം. ഹദ്റത്ത് സുവയ്ദ് ബിൻ മുഖർരിൻ(റ)ന്റെ വിവരണമിങ്ങനെയാണ്. ഹദ്റത്ത് സുവയ്ദിന്റെ പിതാവിന്റെ പേര്

മുഖർരിൻ ബിൻ ആഇദ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം മുസയ്യിന ഗോത്രവുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഅദിയ്യ് എന്നായിരുന്നു. അബൂ അംറ് എന്നായിരുന്നു സംജ്ഞാനാമം എന്നും പറയപ്പെട്ടിട്ടുണ്ട്. ഹിജ്റ 5-ൽ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹം ഖൻദഖ് യുദ്ധത്തിൽ നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അതിനുശേഷം എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു. അദ്ദേഹം ഹദ്റത്ത് നുഅ്മാൻ ബിൻ മുഖർരിനിന്റെ സഹോദരനായിരുന്നു. അദ്ദേഹം ഇറാനിക വജയങ്ങളിൽ വ്യക്തമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുകയുണ്ടായി. *(ഉസുദുൽഗാബ വാല്യം 2, പേജ് 600, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2008) (ത്വബഖാത്തുൽ കുബ്റാ വാല്യം 6, പേജ് 97, വാല്യം 1, പേജ് 222, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)*

ചരിത്രഗ്രന്ഥങ്ങളിൽ ഹദ്റത്ത് സുവയ്ദിന്റെ തിഹാമായിൽ പോയതിന്റേയും അവിടെ മതപരിത്യാഗികൾക്കെതിരെ നടത്തിയ നടപടികളേയും കുറിച്ച് വിശദമായൊന്നും ലഭിക്കുന്നില്ല. എങ്കിലും ചരിത്രഗ്രന്ഥങ്ങളിൽ തിഹാമക്കാരുടെ മതപരിത്യാഗത്തേയും കലാപത്തിന്റേയും അവസ്ഥകളും സംഭവങ്ങളും ഇങ്ങനെ വിവരിച്ചിരിക്കുന്നു. നബി(സ)തിരുമേനി ഹിജ്റ പത്തിൽ ഹജ്ജത്തുൽ വിദായ്ക്കുശേഷം യമനിൽ സക്കാത്തു പിരിക്കുന്നവരെ നിയമിച്ചിരുന്നു. നബി(സ)തിരുമേനി യമനിനെ ഏഴു ഭാഗമായി വീതിച്ചു. തിഹാമായിൽ ത്വാഹിർ ബിൻ അബൂഹാലായെ ഉദ്യോഗസ്ഥനായി നിശ്ചയിച്ചിരുന്നു. തിഹാമായിൽ താഴെ തട്ടിലുള്ള അറബികൾക്കു പുറമെ വലുതും വളരെ പ്രധാനപ്പെട്ടതുമായ രണ്ടു ഗോത്രങ്ങളുമുണ്ടായിരുന്നു. ഒന്ന് അക്, രണ്ടാമത്തേത് അശ്അറും. *(ഹദ്റത്ത് അബൂബക്റിന്റെ സർക്കാരിഖുതൂത്, കിതാബ് മയ്ല, പേജ് 41, പ്രസാധനം അദാരയെ ഇസ്‌ലാമിയാത്ത് ലാഹോർ)*

താരീഖ് ത്വബരിയിൽ എഴുതിയിരിക്കുന്നു, തങ്ങളുടെ പ്രദേശത്ത് മുർത്തദ്ദീങ്ങൾ മുസ്‌ലിമീങ്ങളുടെ മേൽ ആക്രമണം നടത്തിയെന്ന് ഏറ്റവുമാദ്യം ഹദ്റത്ത് അത്താബ് ബിൻ ഉസയ്ദും ഹദ്റത്ത് ഉഥ്മാൻ ബിൻ അബുൽ ആസ്വും ഹദ്റത്ത് അബൂബക്റിനെഴുതി.

മുർത്തദ്ദീൻ കേവലം മുർത്തദ്ദീനായിരുന്നില്ല. മുമ്പേയും പറഞ്ഞുകഴിഞ്ഞതുപോലെ ഈയാളുകൾ മുസ്‌ലിമീങ്ങളുടെമേൽ ആക്രമണവും നടത്തിയിരുന്നു. ഇവിടേയും അതേ അവസ്ഥയായിരുന്നു. അപ്പോൾ അത്താബ് തന്റെ സഹോദരൻ ഹദ്റത്ത് ഖാലിദ് ബിൻ ഉസയ്ദിനെ, യമാമക്കാരെ അടിച്ചമർത്തുന്നതിനുവേണ്ടി അയച്ചു. അവിടെ മുദ്‌ലിജ് ഗോത്രത്തിന്റെ ഒരു വലിയ സംഘവും ഖുസാഅയുടേയും കിനാനായുടേയും വിവിധ സംഘങ്ങളും മുദ്‌ലിജ് ഗോത്രത്തിന്റെ കുടുംബങ്ങളും ശനൂഖ്ഗോത്രത്തിലെ ജുൻദുബ് ബിൻ സുൽമായുടെ നേതൃത്വത്തിൽ മതപരിത്യാഗികളുമായി പോരാടുന്നതിനുവേണ്ടി സംഘടിച്ചിരുന്നു. ഇരുശത്രുക്കളുടേയും പോരാട്ടം നടന്നു. ഹദ്റത്ത് ഖാലിദ് ഉസയ്ദ്(റ) അവരെ പരാജയപ്പെടുത്തി തുരത്തിയോടിച്ചു. ധാരാളം ആളുകളെ വധിച്ചു. ഇതിൽ ശനൂഖ് ഗോത്രത്തിലെ ആളുകളാണ് ഏറ്റവുമധികം വധിക്കപ്പെട്ടത്. ഈ സംഭവത്തിനുശേഷം അവരുടെ അംഗസംഖ്യ വളരെ കുറഞ്ഞുപോയി. ഈ സംഭവം ഹദ്റത്ത് അത്താബിന്റെ പ്രദേശത്തെ മതപരിത്യാഗത്തിന്റെ കുഴപ്പളിൽനിന്ന് പരിശുദ്ധമാക്കി. ജുൻദുബ് ഓടിപ്പോകുകയും ചെയ്തു. പിന്നീട് കുറച്ചുകാലം കഴിഞ്ഞ് അയാൾ വീണ്ടും ഇസ്‌ലാം സ്വീകരിച്ചു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ്294, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ 2012) (അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 230, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ)*

ഒരു നിവേദനത്തിലുണ്ട് നബി(സ)തിരുമേനിയുടെ വേർപാടിനു ശേഷം തിഹാമയിൽ ഏറ്റവും കൂടുതൽ കലാപമുണ്ടാക്കിയത് 'അക്' ഗോത്രവും അശ്അർ ഗോത്രവുമായിരുന്നു. അതിന്റെ വിശദീകരണം ഇങ്ങനെയാണ്. അവർക്ക് നബി(സ)തിരുമേനിയുടെ വഫാത്തിനെ കുറിച്ച് വിവരം കിട്ടിയപ്പോൾ അവരിലെ വിവിധയാളുകൾ സംഘടിച്ചു. പിന്നീട് ഖളംഗോത്രത്തിലെ ആളുകളും അവരോടൊപ്പം ചേർന്നു.അവർ സമുദ്രതീരത്തിന്റെ ഭാഗത്ത് അഅ്ലാം എന്ന സ്ഥലത്ത് താവളമടിച്ചു. നേതാക്കന്മാരാരുമില്ലാത്ത പട്ടാളക്കാരും അവരോടൊപ്പം വന്നു ചേർന്നു. അഅ്ലാബ് എന്നതും മക്കയുടെ തീരത്തിന്നിടയിലുള്ള അക് ഗോത്രത്തിന്റെ പ്രദേശമാണ്. ഹദ്റത്ത് ത്വാഹിർ ബിൻ അബൂഹാല, ഹദ്റത്ത് അബൂബക്റിനെ അതിന്റെ വിവരം നല്കി. അവരെ അടിച്ചമർത്താൻ സ്വയം പുറപ്പെടുകയും ചെയ്തു. താൻ പുറപ്പെടുകയാണെന്നുള്ള വിവരവും ഹദ്റത്ത് അബൂബക്റിനെഴുതി. ഹദ്റത്ത് ത്വാഹിറിനോടൊപ്പം മുർത്തദ്ദാകാതിരുന്ന മസ്റൂഖ് അക്കിയും അക്ഗോത്രത്തിൽനിന്നുള്ള അദ്ദേഹത്തിന്റെ ജനതയിലെ ആളുകളുമുണ്ടായിരുന്നു. അഅ്ലാബ് എന്ന സ്ഥലത്ത് അവരുമായി ചെന്നുചേർന്നു. അവിടെ അവരുമായി പൊരിഞ്ഞ പോരാട്ടത്തിനുശേഷം അല്ലാഹു അവരെ, ശത്രുക്കളെ പരാജയപ്പെടുത്തി. മുസ്‌ലിമീങ്ങൾ അവരെ വിചാരണ കൂടാതെ വധിച്ചു. അവരിൽനിന്ന് വധിക്കപ്പെട്ടവരുടെ നാറ്റം സകല വഴികളിലും പരന്നു. മുസ്‌ലിമീങ്ങൾ ഒരു ഗംഭീരമായ വിജയം കരസ്ഥമായി.

തിഹാമായിലെ മതപരിത്യാഗത്തിന്റെ സംഭവങ്ങൾ സ്മരിച്ചുകൊണ്ട് ഒരു എഴുത്തുകാരൻ എഴുതി: 'തിഹാമായിലെ മതപരിത്യാഗത്തെ അടിച്ചമർത്തുന്നതിൽ ഒന്നാം സ്ഥാനത്ത് ത്വാഹിർ ബിൻ അബീഹാലയായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ ഭാഗത്തുനിന്നുള്ള തിഹാമായ്ക്കുവേണ്ടിനിശ്ചയിച്ച തിഹാമായുടെ ഭാഗത്തിന്റെ ഭരണാധികാരിയായിരുന്നു. അത് അക്ഗോത്രത്തിന്റേയും അശ്അരികളുടേയും നാടായിരുന്നു. പിന്നീട് ഹദ്റത്ത് അബൂബക്ർ(റ), ഉക്കാശബിൻ ഥൗരിനോടു തിഹാമയിൽ താമസിക്കാൻ കല്പിച്ചു. അതിലെ വാസികളെ സംഘടിപ്പിച്ച് ഹദ്റത്ത് അബൂബക്റിന്റെ കല്പന കാത്തിരിക്കുക. ഹദ്റത്ത് ഉക്കാശ നബി(സ)തിരുമേനിയുടെ വഫാത്ത് നേരത്ത് ഹളർമൗത്തിന്റെ രണ്ടു പ്രദേശങ്ങളായ സക്കാസിക്കിന്റേയും സക്കൂനിന്റേയും ഭരണാധികാരിയായി നിശ്ചയിക്കപ്പെട്ടിരുന്നു. ബജീല ഗോത്രത്തിന്റെ അടുക്കൽ ഹദ്റത്ത് അബൂബക്ർ(റ)ജരീർ ബിൻ അബ്ദുല്ലാഹ് ബഹബിയെ തിരിച്ചയച്ചു. തന്റെ ജനതയിൽ ഉറച്ചു നില്ക്കുന്ന മുസ്‌ലിമീങ്ങളേയും കൊണ്ട് ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായിക്കൊണ്ടിരിക്കുന്നവരുമായി യുദ്ധം ചെയ്യാനും പിന്നീട് ഖശ്അം ഗോത്രത്തിന്റെ അടുക്കലെത്താനും കല്പിച്ചു. അവരിലെ മുർത്തദ്ദീങ്ങളുമായി യുദ്ധം ചെയ്യുക. ജരീർ തന്റെ ചുമതല നടത്താൻ യാത്ര പുറപ്പെട്ടു. സിദ്ദീഖുൽ അക്ബർ(റ) നല്കിയ കല്പന നടപ്പിൽവരുത്തുന്നതിന്! കുറച്ചാളുകളൊഴികെ മറ്റാരും അദ്ദേഹത്തെ നേരിടാനെത്തിയില്ല. അദ്ദേഹം അവരെ വധിക്കുകയും ശിഥിലീകരിക്കുകയും ചെയ്തു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ്294 –295, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ 2012)(അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 230, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ , ഡോക്ടർ അലി മുഹമ്മ്ദു സ്വലാബീ, മുത്തർറജിം, പേജ് 303, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ്)(മുഅ്ജമുൽ ബുൽദാൻ വാല്യം 1, പേജ് 31, പേജ് 263)*

യുദ്ധ നടപടികളെ കുറിച്ചുള്ള വിവരണമാണ് നടന്നു വരുന്നത്. ഇനി ഇൻശാ അല്ലാഹ് പതിനൊന്നാമത്തെ യുദ്ധ നടപടിയെ കുറിച്ച് സ്മരിക്കുന്നതായിരിക്കും.

ഈ നേരത്ത് ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കുന്നതാണ്. അവരിൽ രണ്ടുപേർ ബുർക്കിനോ ഫാസോയിലെ നമ്മുടെ രണ്ടു യുവാക്കളാണ്. ജൂൺ 11 ന് വൈകുന്നേരം ഇവർ തങ്ങളുടെ പ്രദേശത്ത്, ഡോറി റീജ്യണിന്റെ പ്രദേശത്ത് ഒരു ഗ്രാമത്തിലായിരുന്നു ഉണ്ടായിരുന്നത്, അവിടെ ഭീകരവാദികൾ ആക്രമണം നടത്തി. ഇവിടെ ധാരാളമാളുകൾ വധിക്കപ്പെട്ടു. അവരിൽ നമ്മുടെ ഈ രണ്ടു അഹ്മദി ഖാദിമുകളും ശഹീദായി. അവർ തങ്ങളുടെ കടയിൽ ജോലി ചെയ്യുകയായിരുന്നു. വെടിവെപ്പു നടന്നു. ഇവർ സംഭവസ്ഥലത്തുതന്നെ ശഹീദായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ.* അവരിൽ ഒരാൾ ഡിക്കു സക്രിയ്യ സാഹിബ്(Dicku Zakariya)ആണ്. 32 വയസ്സായിരുന്നു. ഡോറി റീജ്യണിൽ അദ്ദേഹത്തിന് റീജ്യണൽ ഖാഇദ് എന്നനിലയിൽ പ്രവർത്തിക്കാൻ തൗഫീഖ് കിട്ടി. ഘാനയിലെ മദ്രസത്തുൽ ഹിഫ്ളിൽ ഖുർആൻ ഹൃദിസ്തമാക്കാനും പോയിരുന്നു. കുറച്ചു നാൾ ഹിഫ്ള് ചെയ്തതിനുശേഷം മടങ്ങി വന്നു. എപ്പോഴും ജമാഅത്തിന്റെ പ്രവൃത്തികൾക്കായി സന്നദ്ധനായിരുന്നു. ഏതു ജോലിക്കും ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് തന്നെ സമർപിക്കുമായിരുന്നു. അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. തഹജ്ജുദും നഫ്‌ലുകളും പതിവായി നമസ്കരിക്കുമായിരുന്നു. ചന്ദകളും കൃത്യമായി കൊടുത്തിരുന്നു. മാസന്തോറുമുള്ള വരുമാനത്തിന് പുറമെയും എന്തെങ്കിലും വരുമാനമുണ്ടെങ്കിൽ അതിലും ഉടൻതന്നെ ചന്ദ നല്കുമായിരുന്നു. ജമാഅത്തിനോടും

ഖിലാഫത്തിനോടും സത്യസന്ധമായ സ്നേഹമായിരുന്നു. പതിവായി ഖുത്ബ ജുമുഅ കേൾക്കുമായിരുന്നു.എം.ടി.എ യിലെ മറ്റു പരിപാടികളും വളരെ താൽപര്യത്തോടെ കാണുമായിരുന്നു. അവരുടെ ലോക്കൽ മിഷണറി പറയുന്നു: 'അദ്ദേഹവുമായി നടന്ന അവസാനം കൂടിക്കാഴ്ചയിൽ അദ്ദേഹം പറഞ്ഞു, കാലത്തിന്റെ ഖലീഫയുമായി എപ്പോഴാണ് കൂടിക്കാഴ്ചയുണ്ടാകുക?' കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച നടത്താൻ വളരെ ആഗ്രഹിച്ചിരുന്നു. മാതൃകായോഗ്യനായ ഖാദിമായിരുന്നു. ഇതു മുഅല്ലിം സാഹിബെഴുതിയതാണ്. സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിന്റെ ഭാര്യയും രണ്ടുപെൺമക്കളും ഒരു മകനുമുണ്ട്.

രണ്ടാമത്തെ ശഹീദ് ഡിക്കു മൂസ്സാ(DIcku Mussa)സാഹിബാണ്. 34 വയസ്സായിരുന്നു. ഇദ്ദേഹം ആ നേരത്ത് തന്റെ മജ്‌ലിസായ സേടംഗാ(Seytenga)യുടെ ഖാഇദായിരുന്നു. തന്റെ ജമാഅത്തിലെ എല്ലാ പരിപാടികളിലും പങ്കെടുക്കുമായിരുന്നു. മറ്റുള്ളവരെ പങ്കെടുപ്പിക്കുകയും ചെയ്യുമായിരുന്നു. നമസ്കാരങ്ങളിലും ചന്ദ കൊടുക്കുന്നതിലും കൃത്യനിഷ്ഠയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജമാഅത്തിൽ മസ്ജിദുണ്ടായിരുന്നില്ല. ഒരു ഷെഡ്ഡുണ്ടാക്കി ഔദ്യോഗികമായി നമസ്കാരം തുടങ്ങാൻ തദ്ദേശപരമായ നിലയിൽ അദ്ദേഹം ശ്രമിച്ചുവരികയായിരുന്നു. ഇദ്ദേഹം എനിക്ക് പതിവായി കത്തുമെഴുതാറുണ്ടായിരുന്നു. തലസ്ഥാനത്തുനിന്ന് ആരെങ്കിലും പര്യടനത്തിന് ചെന്നാൽ സൽക്കരിക്കുമായിരുന്നു. അവരോടൊപ്പമുണ്ടാകും. ജോലി ചെയ്യിക്കുമായിരുന്നു. പര്യടനത്തിൽ പങ്കെടുക്കുമായിരുന്നു. സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിന്റെ രണ്ടു ഭാര്യമാരും മൂന്നുപെൺമക്കളുമുണ്ട്. അല്ലാഹു ഇവരോടു കാരുണ്യത്തോടും പൊറുക്കലോടുംകൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ.

ഈ രണ്ടു ശഹീദുമാരെ കുറിച്ചും അവിടുത്തെ അമീർ സാഹിബ് എഴുതുന്നു:'ഈ രണ്ടു യുവാക്കളും നമ്മുടെ ലോക്കൽ മിഷണറി ഡിക്കൊ അമാഡൊ ബൗർമ(Dicku Amadou Bourema) സാഹിബിന്റെ സഹോദരങ്ങളായിരുന്നു. അദ്ദേഹം ഇപ്പോൾ റേഡിയോ അഹ്മദിയ്യ ഡോറിയുടെ ഇൻചാർജാണ്. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാവ് ഇബ്റാഹീം ബോണ്ടി(Bonti) സാഹിബ് മുഖേനയാണ്. അദ്ദേഹം വളരെ ആത്മാർഥനും ഉത്സാഹിയായ ദാഈ ഇലല്ലായുമായിരുന്നു. അദ്ദേഹം ഡോറി റീജ്യണിന്റെ സഈം അൻസ്വാറുല്ലായും ആയിരുന്നിട്ടുണ്ട്. 2011–ലാണ് അദ്ദേഹം വഫാത്തായത്. പിന്നീട് അമീർ സാഹിബ് ദുആ ചെയ്യാനും എഴുതുന്നുണ്ട്. ബുർക്കിനോ ഫാസ്സോയിൽ 2015–മുതൽ ഭീകരവാദി ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ വടക്കൻ പ്രദേശത്ത് കൂടുതൽ നാശമുണ്ടാകുന്നു. രണ്ടു മില്യണിലധികം ആളുകൾ ഭവനരഹിതരായിരിക്കുന്നു. അല്ലാഹു അവർക്കും സമാധാനാവസ്ഥ ഉണ്ടാക്കുമാറാകട്ടെ. ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ അവസ്ഥകൾകൊണ്ട് ഭീകരവാദത്തിന്റെ സാധ്യതകൾ കൂടിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുതന്നെ മനുഷ്യത്വത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അവർക്ക് ബുദ്ധി നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സിന്ധിലെ, ഉമർക്കോട്ട് ജില്ലയിലെ, സ്വാദിഖ്പൂർ ഗ്രാമത്തിലെ നൗരങ് ഖാൻസാഹിബിന്റെ മകൻ മുഹമ്മദു യൂസുഫ് ബലൂച് സാഹിബിന്റേതാണ്. അദ്ദേഹവും കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ബലൂചിയും ഡേറ ഗാസിഖാൻകാരനുമാണ്. അവിടെയാണ് ജനിച്ചത്. 1934–ൽ ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജേകി സാഹിബ് മുഖേനയാണ് അദ്ദേഹത്തിന്റെ വീട്ടിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അഹ്മദിയ്യത്ത് വന്നത്. പാക്കിസ്താൻ സ്ഥാപിതമായതിനുശേഷം ഹിജ്റത്ത് ചെയ്ത് ഇവർ തഹ്‌രീക്കെ ജദീദിന്റെ സ്ഥലത്ത് ഉമർക്കോട്ട് ജില്ലയിലെ സ്വാദിഖ്പൂരിൽ വന്നു. പിന്നീട് ഇവർ കുറച്ചുകാലം, ആറുവർഷത്തിനോടടുത്ത് റബ്‌വയിലും താമസിച്ചു. ഈ മഹല്ലിൽ അദ്ദേഹത്തിന് മസ്ജിദ് ഖാദിം എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖു കിട്ടി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ ഏഴ് ആൺകുട്ടികളും നാലു പെൺകുട്ടികളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ ശബീർ അഹ്മദ് സാഹിബ് ജമാഅത്തിന്റെ മുറബ്ബിയാണ്. ഈയിടെയായി ഐവറികോസ്റ്റിൽ സേവനത്തിന് തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. കർമരംഗത്തായ കാരണത്താൽ തന്റെ പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. പരേതന്റെ രണ്ടു പൗത്രന്മാരും മുറബ്ബിമാരാണ്.

അദ്ദേഹത്തിന്റെ മകൻ മുറബ്ബി ശബീർ അഹ്മദ് സാഹിബ് എഴുതുന്നു:"ഒരുപാട് സൽഗുണങ്ങളുടെ ഉടമയായിരുന്നു. തഹജ്ജുദ് കൃത്യമായി നമസ്കരിക്കുന്നത് ഞങ്ങൾ കുട്ടിക്കാലംമുതലെ കണ്ടിട്ടുണ്ട്. നിത്യവും സ്വുബ്ഹി നമസ്കാരത്തിനു ശേഷം ഉറക്കെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ഖിലാഫത്തിനെ അതിരറ്റ് സ്നേഹിക്കുന്നയാളായിരുന്നു." പറയുന്നു: "ഞാൻ വീട്ടിൽ പോകുമ്പോഴെല്ലാം എന്നെ വിളിച്ചിട്ട് പറയുമായിരുന്നു, രണ്ടു കാര്യം എപ്പോഴും ഓർമവെക്കണം. ഖിലാഫത്തിനോടു എപ്പോഴും കൂറ് കാണിക്കണം. നിന്റെ വഖ്ഫിന്റെ കടമ നിറവേറ്റണം." പറയുന്നു; "അതിഥിസൽക്കാര പ്രിയനുമായിരുന്നു. വഴിയെ പോകുന്ന ആളുകളെ വീട്ടിൽ കൊണ്ടുവരുമായിരുന്നു. അദ്ദേഹത്തിന്റെ അനുശോചനം അറിയിക്കാൻ വന്നവരിൽ ഒരുപാട് അനഹ്മദികളുമുണ്ടായിരുന്നു. ഹിന്ദു തുടങ്ങിയ എല്ലാവരും എത്തിയിരുന്നു. അവർ വളരെ നല്ല വാക്കുകളിൽ അദ്ദേഹത്തെ സ്മരിച്ചു. തങ്ങളുടെ പിതാവാണ് മരിച്ചതെന്നുവരെ ചിലർ പറഞ്ഞു. കാരണം ദരിദ്രരെ ഒരുപാട് സഹായിച്ചിരുന്നു."

മൂന്നാമത്തെ ജനാസ മുബാറസ ഫാറൂഖ്(വാഖിഫയെ നൗ)ന്റേതാണ്. ഫാറൂഖ് അഹ്മദ് സാഹിബിന്റെ മകളായിരുന്നു. റബ്‌വക്കാരിയാണ്. അവരും കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഈ മകൾക്ക് പതിനൊന്ന് വയസ്സുള്ളപ്പോൾ ഹൈടെൻഷൻവൈദ്യുതിയുടെകമ്പിയിൽ കൈ തട്ടിയ കാരണത്താൽ ഇരു ചുമലുകളും നിശ്ചലമായിപ്പോയിരുന്നു. പ്രവർത്തനരഹിതമായിപ്പോയിരുന്നു. അതുകൊണ്ട് മുറിക്കേണ്ടതായിവന്നു. പക്ഷേ, ഈ അവസ്ഥയിലും അസീസ ധൈര്യ കൈവെടിഞ്ഞില്ല. തന്റെ വിദ്യഭ്യാസം തുടർന്നു. ആദ്യം അവൾ വായകൊണ്ട് കടിച്ചുപിടിച്ച് എഴുതാൻ പ്രാക്ടീസുചെയ്തു. പിന്നീട് രണ്ടു കൈമുട്ടുകളും ചേർത്തു പിടിച്ച് എഴുതാൻ പരിശീലിച്ചു. ഇപ്രകാരം കുറച്ചു കാലംകൊണ്ട് നല്ല കൈയക്ഷരത്തിൽ എഴുതാൻ തുടങ്ങി. വിദ്യഭ്യാസവും തുടർന്നുകൊണ്ടുപോയി. കുറച്ചു കാലത്തിനുശേഷം ഈ കുടുംബം റബ്‌വയിൽ ഷിഫ്റ്റു ചെയ്തു. ഇവിടേയും വിദ്യഭ്യാസം തുടർന്നു. 2013–ൽ നല്ല മാർക്കോടെ ബി.എ പാസ്സായി. പിന്നീട് തഅ്ലീമുൽ ഇസ്‌ലാം കോളേജിൽനിന്ന് എം.എ അറബിയും ചെയ്തു. 'വഖ്ഫ നൗ' എന്ന നിലയിൽ കുറച്ചു കാലം ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിലും സേവനം ചെയ്തു. വിശുദ്ധ ഖുർആൻ നല്ല തലഫ്ഫുളോടുകൂടിയും വാക്കർഥത്തോടുകൂടിയും പഠിച്ചു. എപ്പോഴും നൂറുശതമാനം മാർക്കും വാങ്ങുമായിരുന്നു. മുഹല്ലയിൽ തർജമത്തുൽ ഖുർആൻ ക്ലാസും എടുത്തിരുന്നു. അവരുടെ സന്തപ്ത കുടുംബത്തിൽ മാതാപിതാക്കന്മാർക്കു പുറമെ രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. അല്ലാഹു കരുണയോടും പൊറക്കലോടും കൂടി പെരുമാറട്ടെ. മാതാപിതാക്കൾക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ.

അടുത്ത അനുസ്മരണം ആൻസുമാനാ വട്ടോറ(Aanzumana Wattara) സാഹിബിനെ കുറിച്ചാണ്. ഇദ്ദേഹം ഐവറികോസ്റ്റിൽ മാസാഗോ പ്രദേശത്തെ ജമാഅത്തിന്റെ മുഅല്ലിമായിരുന്നു. അദ്ദേഹവും കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ

അവിടുത്തെ മിഷണറി ഇൻചാർജ് എഴുതുന്നു:"മർഹൂം ലളിതപ്രകൃതനും നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്നയാളും ദുആ ചെയ്യുന്നയാളും സാത്വികനുമായിരുന്നു. ധാരാളമായി നഫ്ലുകൾ അനുഷ്ഠിക്കുമായിരുന്നു. തിങ്കളാഴ്ചയും വ്യാഴാഴ്ചയും പതിവായി നോമ്പെടുക്കുമായിരുന്നു. ധാരാളമായി അദ്ദേഹത്തിന്റെ ദുആകൾ സ്വീകരിക്കപ്പെടുകയും ചെയ്തിരുന്നു. ഖിലാഫത്തിനോടു അദ്ദേഹത്തിന് ആസക്തപരമായ സ്നേഹമായിരുന്നു. വളരെ നല്ലൊരു മുബല്ലിഗായിരുന്നു. 1997–ൽ ഒരു സ്വപ്നം മുഖേനയാണ് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചത്. സ്വപ്നത്തിൽ കണ്ടു, ഒരു വനത്തിലാണുള്ളത്. അവിടെനിന്ന് ഒരു സ്ഥലമായ നാസിയാൻ ഗ്രാമത്തിലേക്ക് പോകുകയാണ്. ഒരു വാളുകൊണ്ട് അവിടെ പോകുന്നതിനുവേണ്ടി വഴിതെളിക്കുന്നുണ്ട്. ഒപ്പം കലിമത്വയ്യിബ ഉറക്കെ ചൊല്ലിക്കൊണ്ടാണ് പോകുന്നത്. അദ്ദേഹം പറയുന്നു, ഈ സ്വപ്നത്തിനു ശേഷം ഒരു അഹ്മദിയ്യ മിഷണറി ഉമർ മആദ് സാഹിബ് തബ്‌ലീഗ് ചെയ്യുന്നതിന്

നാസിയാനിൽ വന്നിട്ടുണ്ടെന്ന് എനിക്കറിയാൻ കഴിഞ്ഞു. ഇദ്ദേഹം നേരിട്ട് നാസിയാനിൽ പോയി. ജമാഅത്തിന്റെ സന്ദേശം കേട്ടപാടെ ബയ്അത്ത് ചെയ്തു. അദ്ദേഹം പറഞ്ഞു, ഈ സന്ദേശം സ്വീകരിക്കാനാണ് അല്ലാഹു സ്വപ്നത്തിൽ എന്നോടു പറഞ്ഞിരുന്നത്. പരിശ്രമിച്ച് ഞാൻ ഈ ഗ്രാമത്തിൽ പോകണം. അവിടെനിന്ന് എനിക്ക് ദീൻ കിട്ടും! എന്തായാലും അഹ്മദിയ്യത്ത് സ്വീകരിച്ച് കുറച്ചു കാലത്തിനുശേഷം അദ്ദേഹം വഖ്ഫു ചെയ്തു. ഔദ്യോഗികമായി ജമാഅത്തിന്റെ മുഅല്ലിം എന്ന നിലയിൽ സേവനം ചെയ്യാൻ തുടങ്ങി. 2002-ൽ രാജ്യത്ത് ആഭ്യന്തരകലഹമുണ്ടായപ്പോൾ മർക്കസിന് അദ്ദേഹം നില്ക്കുന്ന സ്ഥലവുമായി ബന്ധപ്പെടാൻ കഴിഞ്ഞില്ല. മുഅല്ലിം സാഹിബ് ഗ്രാമങ്ങളും ചുറ്റുവട്ടത്തുള്ള ജമാഅത്തുകളുമായി തന്റെ ബന്ധം നിലനിറുത്തി. ജമാഅത്തിലെ അംഗങ്ങൾക്കുവേണ്ടി തഅ്ലീം തർബിയ്യത്തിന്റെ പ്രവർത്തനം തുടരുകയും മർക്കസുമായുള്ള ബന്ധത്തിലിരിക്കുകയും ചെയ്തു. ഇപ്രകാരം അദ്ദേഹം തന്റെ ഗ്രാമത്തിൽ, തന്റെ വീട്ടുമുറ്റത്ത് ഒരു മസ്ജിദ് നിർമിച്ചു. അവിടെവെച്ച് ജമാഅത്തംഗങ്ങളുടെ തഅ്ലീം തർബിയ്യത്തിന്റെ പ്രവൃത്തിയും നടത്തിയിരുന്നു. ഇതുപോലെ നാഷണൽലവലിൽ ജമാഅത്തിന്റെ എല്ലാ പരിപാടികളിലും പതിവായി ദീർഘമായി യാത്ര ചെയ്ത് പങ്കെടുത്തിരുന്നു. 1998-ൽ യു.കെ ജൽസ സാലാനയിൽ പങ്കെടുക്കാൻ അവസരം കിട്ടി. അദ്ദേഹത്തിന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഉമായി കൂടിക്കാഴ്ച നടത്താനും ഭാഗ്യം കിട്ടി. ഹുദൂറു(റഹ്)മായി എം.ടി.എയുടെ പ്രോഗ്രാമായ The French Mulaqat ലും പങ്കെടുക്കാൻ അവസരം കിട്ടി. ഈ കൂടിക്കാഴ്ചയിൽ വളരെ സന്തോഷവാനായിരുന്നു. തന്റെ ജീവിതത്തിലെ വളരെ മനോഹരമായ ഭാഗമാണ് ഈ കൂടിക്കാഴ്ചയെന്നും അത് വിവരണാതീതമാണെന്നും ആളുകളോടു പറയാറുണ്ടായിരുന്നു.

2004-ൽ ഞാൻ ബുർക്കിനാ ഫാസോയിൽ പര്യടനം നടത്തിയപ്പോൾ അവിടെ ഇദ്ദേഹം എന്നെ കണ്ടു. അദ്ദേഹം പറഞ്ഞു: ഞാൻ അങ്ങയുമായി കൂടിക്കാഴ്ച നടത്തിക്കൊണ്ടിരിക്കുന്നു. ഇതു ഞാൻ എന്റെ പുതിയജീവിതം കാരണത്താലാണ് കൂടിക്കാഴ്ച നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് അങ്ങയുടെ പര്യടനം കാരണത്താൽ അല്ലാഹു എന്നിൽ കൃപ ചെയ്യുകയും ഈ ബർക്കത്ത് എനിക്ക് കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അദ്ദേഹം പറഞ്ഞു; രണ്ടു മാസംമുമ്പേ ഞാൻ കഠിനമായ രോഗബാധിതനായി. എന്റെ അവസാനം നേരമായിരിക്കുമതെന്ന് വീട്ടുകാർ മനസ്സിലാക്കി. ആ സമയത്ത് എന്നെ അദ്ദേഹം സ്വപ്നത്തിൽ കണ്ടു, ഞാൻ അദ്ദേഹത്തിന്റെ തലയിൽ തടവുന്നതായി! അദ്ദേഹം പറയുന്നു, സ്വപ്നത്തിൽത്തന്നെ മുഴുവൻ രോഗവും ശരീരത്തിൽനിന്ന് വേർപെട്ടു കഴിഞ്ഞിരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. അദ്ദേഹം പറയുന്നു, ഞാനുണർന്നപ്പോൾ യഥാർഥത്തിൽ രോഗം എന്നിൽനിന്ന് വേർപെട്ടു കഴിഞ്ഞിരുന്നു. ഞാൻ ആരോഗ്യവാനായി. എന്തായാലും ഞാൻ അവിടെ പര്യടനം നടത്തിയപ്പോൾ അദ്ദേഹം പറഞ്ഞു:ഈ കണ്ട സ്വപ്നം ബാഹ്യമായ നിലയിൽ ഇപ്പോൾ പൂർത്തിയാക്കാൻ ഞാനാഗ്രഹിക്കുകയാണ്. തലമുന്നോട്ടാക്കുകയും തടവാൻ അപേക്ഷിക്കുകയും ചെയ്തു. വളരെ സന്തോഷത്തിലായിരുന്നു. ഖിലാഫത്തിനോടു പൂർണമായ കൂറിന്റെ ബന്ധമായിരുന്നു. ആളുകളോടു പറയുമായിരുന്നു, ദീനീ സേവനം ചെയ്യുന്നതിനുവേണ്ടിയാണ് എനിക്ക് ഈ ജീവിതം കിട്ടിയത്. ഇനി ഞാൻ ഇതേ പ്രവൃത്തിയിൽ എന്റെ ജീവിതം ചെലവഴിക്കുന്നതാണ്. ആ പ്രതിജ്ഞ അദ്ദേഹം നിറവേറ്റി. 94 വർഷം പ്രാപിച്ചു. അവസാനം കാലംവരെ കർമനിരതനും ആരോഗ്യവാനുമായിരുന്നു. വാർധക്യം പ്രാപിച്ചിട്ടും അടുത്ത ജമാഅത്തുകളിൽ സ്വയം പര്യടനവും നടത്തിയിരുന്നു. അദ്ദേഹത്തിന്റെ രണ്ടാമത്തെ കൂടിക്കാഴ്ചയും 2008-ൽ ഞാനുമായി നടന്നു;ഞാൻ ഘാനയിൽപോയപ്പോൾ! അവിടെ ഇദ്ദേഹം വന്നു. ഘാനയിലെ ജൂബിലി സമ്മേളനത്തിൽ പങ്കടുത്തു. വലിയ സന്തോഷത്തിലായിരുന്നു.

ബന്ദോക്കോയുടെ റീജ്യണൽ മിഷണറി ശാഹിദ് സാഹിബ് പറയുന്നു: 'പാക്കിസ്താനീ മുബല്ലിഗുമാരോടു വളരെ സ്നേഹബന്ധമായിരുന്നു. വളരെ താഴ്മയോടും വണക്കത്തോടുംകൂടി കൂടിക്കാഴ്ച നടത്തിയിരുന്നു. വളരെ ആദരവോടും ബഹുമാനത്തോടുംകൂടി പെരുമാറിയിരുന്നു. ധനത്യാഗത്തിലും എപ്പോഴും മുന്നിലായിരുന്നു. കൃത്യമായി ചന്ദ കൊടുത്തിരുന്നു. പറയുന്നു, ഈ വർഷം ജനുവരിയുടെ അവസാനത്തിൽ ഞാൻ അദ്ദേഹത്തിന്റെ ഗ്രാമത്തിൽ പര്യടനത്തിനു പോയപ്പോൾ മുഅല്ലിം സാഹിബ് എന്നോടു പറഞ്ഞു, ഈ വർഷം ഞാൻ പോകുന്നതായിരിക്കും. താങ്കൾ എവിടെയെങ്കിലും യാത്രപോകുകയാണോ എന്ന് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു, അല്ല. ഈ ലോകത്തുനിന്ന് ഞാൻ പോകുന്നതാണ്. കാരണം ഈ വർഷം ഞാൻ വളരെ സന്തോഷത്തിലാണ്. മുബല്ലിഗ് സാഹിബ് പറയുന്നു:പിന്നീട് അദ്ദേഹം പറഞ്ഞു: ഞാനെന്റെ ജീവിതം മുഴുവൻ അല്ലാഹുവിനുവേണ്ടിയാണ് പ്രവർത്തിച്ചത്. "അല്ലാഹുവിന്റെ സത്തയിൽ ദൃഢഗാഢമായ വിശ്വാസമായിരുന്നു." ഇപ്പോൾ ഞാനെന്റെ ശംബളം വാങ്ങാൻ അല്ലാഹുവിന്റെ അടുത്തു പോകുകയാണ്. വഫാത്താകുന്നതിന് ഒരാഴ്ചമുമ്പേ അദ്ദേഹം തന്റെ കുടുംബത്തോടു പറഞ്ഞു:എനിക്ക് അല്ലാഹുവുമായി ഇനി ഒരാഴ്ചത്തെ കോൺട്രാക്റ്റെയുള്ളു. ബാക്കി ഒരാഴ്ചയുണ്ട്. റീജ്യണൽ മിഷണറി ശാഹിദ് സാഹിബ് പറയുന്നു: ഒരാഴ്ചയ്ക്കുശേഷം അടുത്ത ജുമുഅയ്ക്ക് സ്വുബ്ഹിക്ക് സാധാരണ പോലെ തഹജ്ജുദിന് എഴുന്നേറ്റു. വുളു ചെയ്തു. വുളു പൂർത്തിയാക്കിയതേയുള്ളു, അതേ സ്ഥലത്ത് തന്റെ യഥാർഥ സ്രഷ്ടാവിൽ ചെന്നു ചേർന്നു. അദ്ദേഹത്തിന് തലകറക്കമുണ്ടായി അവിടെ വീണു. ദൂരദൂര പ്രദേശങ്ങളിൽ വസിക്കുന്ന ഇത്തരത്തിലുള്ള ആത്മാർഥതകൊണ്ടും കൂറുകൊണ്ടും നിറഞ്ഞ നിഷ്കളങ്കരായ ആളുകളെ അല്ലാഹു മസീഹ് മൗഊദിന് പ്രദാനം ചെയ്തതാണ്. അവർ ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് പരത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു ഇത്തരം നിസ്വാർഥരായ ആളുകളെ ജമാഅത്തിന് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. അവർ ഖിദ്മത്ത് ചെയ്യുന്നവരുമായിരിക്കട്ടെ.

ഇദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ അഞ്ചു ആൺമക്കളും ആറ് പെൺമക്കളുമുണ്ട്. അല്ലാഹുവിന്റെ കൃപയാൽ എല്ലാവരും ജമാഅത്തിൽ ഉറച്ചു നില്ക്കുന്നു. അല്ലാഹു അവർക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യുമാറാകട്ടെ. തങ്ങളുടെ പിതാവിന്റെ ചുവടുകളിലൂടെ നടക്കുന്നവരാകട്ടെ.

ജുമുഅ നമസ്കാരത്തിനുശേഷം ഞാൻ ഇവരെല്ലാവരുടേയും ജനാസഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

**• അല്ലാഹുവിന്റെ കലാം •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

**ഹദ്റത്ത് അബൂബക്ർ[റ] വളരെ ദീർഘദർശിയും ക്രാന്തദർശിയും പരിണിതഫലത്തെ കുറിച്ച് നല്ലപോലെ മനസ്സിലാക്കുന്ന ആളുമായിരുന്നു. കാഠിന്യം പ്രവർത്തിക്കേണ്ട അവസരങ്ങളിൽ കഠിനമായി തന്നെ പെരുമാറി. മാപ്പു കൊടുക്കേണ്ട ഇടങ്ങളിൽ മാപ്പു കൊടുക്കുകയും ചെയ്തു.**

**നബി[സ]തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്[റ]ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഹദ്റത്ത് അബൂബക്ർ[റ]ന്റെ ഖിലാഫത്തു കാലത്ത് കലാപകാരികൾക്കും മതപരിത്യാഗികൾക്കുമെതിരെ നടന്ന പതിനൊന്നാമത്തെ യുദ്ധ നടപടിയുടെ ചർച്ച**

**ഖുത്ബ ജുമുഅ 2022 ജൂലായ് 08/1401 വഫാ 8,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബുബക്ർ[റ]ന്റെ കാലഘട്ടത്തിൽ കലാപകാരികൾക്കെതിരിൽ ഉണ്ടായ സൈനിക നീക്കങ്ങളെ കുറിച്ചാണ് പരാമർശിച്ചു വന്നിരുന്നത്. ഈ ഗണത്തിൽ പതിനൊന്നാമത്തെ സൈനിക നീക്കത്തെ കുറിച്ച് എഴുതുന്നു. 'ഈ സൈനിക നീക്കം മുഹാജിർ ബിൻ അബു ഉമയ്യ യമനിലെ മുർത്തദ്ദീങ്ങളായ കലാപകാരികൾക്കെതിരിൽ നടത്തിയതാണ്. ഹദ്റത്ത് അബുബക്ർ[റ] ഒരു പതാക ഹദ്റത്ത് മുഹാജിർ ബിൻ ഉമയ്യക്ക് നൽകിക്കൊണ്ട് കൽപിച്ചു. അസ്വദ് അൻസിയുടെ സൈന്യത്തെ നേരിടുക. അബ്നാഅ്നെ സഹായിക്കുകയും ചെയ്യുക. അവരുമായി ഖയ്സ് ബിൻ മക്ശൂഹും മറ്റു യമൻകാരും പൊരുതിക്കൊണ്ടിരിക്കുകയാണ്. ഈ സമയത്ത് യമനിൽ രണ്ടു പ്രധാന വിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. ഒന്ന് യഥാർഥ നാട്ടുകാരായ ആളുകൾ. അവർ സബാ, ഹിമയർ കുടുംബങ്ങളുമായി ബന്ധമുള്ളവരായിരുന്നു. രണ്ടാമത്തേത് ഫാർസി വംശജരായിരുന്നു. അവരെ അബ്നാഅ് എന്നാണ് പറഞ്ഞിരുന്നത്. ഈ അബ്നാഅ് അക്കാലത്ത് യമനിലെ അധീശത്വമുള്ള ന്യൂനപക്ഷമായിരുന്നു. ഒരു കാലഘട്ടം വരേയുംയമനിലെഭരണാധികാരിയായകിസ്റായുടെ ഭരണത്തിന് കീഴിലുമായിരുന്നു. അതുകൊണ്ട് ഭരണത്തിലെ അധിക സ്ഥാനങ്ങളും അബ്നാഅ്ന് ലഭ്യമായിരുന്നു. ഏതായിരുന്നാലും എഴുതുന്നു: 'ഹദ്റത്ത് അബുബക്ർ[റ], ഹദ്റത്ത് മുഹാജിറിന് ഇങ്ങനെ നിർദേശം നൽകി, അവിടെ നിന്ന് വിരമിച്ചശേഷം ഖൻദഗോത്രത്തെ നേരിടുന്നതിനുവേണ്ടി ഹള്റ മൗത്തിലേക്ക് പോകുക. *(താരീഖ് അത്ത്വബരി വാല്യം 2, പേജ്257, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(ഹദ്റത്ത് അബൂബക്ർകെ സർക്കാരിഖുതൂത്, ഖുർശിദ് അഹ്മദ് ഫാരിഖ് പേജ് 59, ജാവേദ് ബട്ട് പ്രസ്സ്)*

ഹള്റമൗത്ത് യമനിൽനിന്ന് കിഴക്ക് ഭാഗത്തുള്ള ഒരു വലിയ പ്രദേശമാകുന്നു. അതിൽ ഇരുപതോളം ഗ്രാമങ്ങളുണ്ട്. ഹള്റമൗത്തിനും സ്വനആക്കും ഇടയിൽ 216 മൈൽ ദൂരമുണ്ട്. *(മുഅ്ജമുൽ ബുൽദാൻ വാല്യം 2, പേജ് 311)(ഫർഹങ്കെ സീറത്ത് പേജ് 226, സവാർ അക്കാഡമി കറാച്ചി)*

കിൻദ യമനിലെ ഒരു ഗോത്രത്തിന്റെപേരാകുന്നു.*(ഫർഹങ്കെ സീറത്ത് പേജ് 248, സവാർ അക്കാഡമി കറാച്ചി)*

ഹദ്റത് മുഹാജിറിനെ കുറിച്ച് എഴുതുന്നു: 'അദ്ദേഹത്തിന്റെ പേര് മുഹാജിർ ബിൻ അബു ഉമയ്യ ബിൻ മുഗയ്റ ബിൻ അബ്ദുല്ലാഹ് എന്നായിരുന്നു. ഹദ്റത്ത് മുഹാജിർ ബിൻ അബു ഉമയ്യ, ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മുസൽമയുടെ സഹോദരനായിരുന്നു. അദ്ദേഹം ബദ്ർ യുദ്ധത്തിൽ അന്യാരാധകരുടെ ഭാഗത്തു നിന്നാണ് പങ്കെടുത്തത്. ആ ദിവസം അദ്ദേഹത്തിന്റെ രണ്ടു സഹോദരങ്ങളായ ഹിശാമും മസ്ഊദും കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ യഥാർഥ പേര് വലീദ് എന്നായിരുന്നു. അത് നബി[സ]തിരുമേനി മാറ്റിയതാണ്. *(ഉസുദുൽഗാബ ഭാഗം 5, പേജ് 265, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്2003)(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 6,പേജ് 180, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്2005)*

ഒരു നിവേദനത്തിൽ പറയുന്നു: 'മുഹാജിർ തബൂക്ക് യുദ്ധത്തിൽ പിന്നിലായി പോയിരുന്നു. നബി[സ]തിരുമേനി യുദ്ധത്തിൽനിന്ന് തിരിച്ചു വന്നപ്പോൾ അദ്ദേഹത്തോടു നീരസത്തിലായി. ഒരു ദിവസം ഹദ്റത്ത് ഉമ്മു സൽമ[റ], നബി[സ]തിരുമേനിയുടെ തല കഴുകിക്കൊണ്ടിരിക്കുമ്പോൾ അവർ പറഞ്ഞു, എനിക്കേതെങ്കിലും ഒരു സംഗതി എങ്ങനെ പ്രയോജനപ്പെടാനാണ്. കാരണം അങ്ങ് എന്റെ സഹോദരനോട് നീരസത്തിലാണ്. ഹദ്റത്ത് ഉമ്മു സൽമ[റ], നബി[സ]തിരുമേനിയിൽ അല്പം ആർദ്രതയുടെയും വാത്സല്യത്തിന്റേയും പ്രഭാവങ്ങൾ കണ്ടപ്പോൾ അവർ തന്റെ ഖാദിമയോട് മുഹാജിറിനെ വിളിച്ചുകൊണ്ടുവരാൻ ആംഗ്യം കാണിച്ചു. മുഹാജിർ വീണ്ടും വീണ്ടും തന്റെ ഒഴികഴിവ് വിവരിച്ചുകൊണ്ടിരുന്നു. അവസാനം നബി[സ]തിരുമേനി അദ്ദേഹത്തിന്റെ ഒഴികഴിവ് സ്വീകരിക്കുകയും അദ്ദേഹത്തോട് തൃപ്തിപ്പെടുകയും ചെയ്തു. അദ്ദേഹത്തെ കിൻദയിലെ കൈകാര്യകർത്താവായി നിശ്ചയിച്ചു.പക്ഷേ, അദ്ദേഹം രോഗിയായി. അവിടെ പോകാൻ കഴിഞ്ഞില്ല. അപ്പോൾ അദ്ദേഹം സിയാദിനോടു അദ്ദേഹത്തിന്റെ ജോലികൾകൂടി ചെയ്യാൻ എഴുതുകയുണ്ടായി. പിന്നെ അദ്ദേഹം സുഖം പ്രാപിച്ചപ്പോൾ ഹദ്റത്ത് അബുബക്ർ[റ] അദ്ദേഹത്തിന്റെ ഇമാറത്ത് പുനഃസ്ഥാപിച്ചു. അദ്ദേഹത്തെ നജ്റാൻ മുതൽ യമനിലെ അവസാന അതിർത്തി വരേക്കും ഭരണാധിപനായി നിശ്ചയിക്കുകയും യുദ്ധത്തിന് കൽപന നൽകുകയും ചെയ്തു.*(താരീഖ് അത്ത്വബരി വാല്യം 2, പേജ് 300, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ളിഹാക് ബിൻ ഫയ്റോസ് പറയുന്നു: ഏറ്റവുമാദ്യം യമനിൽ നബി[സ]തിരുമേനിയുടെ കാലത്തു തന്നെ ഇർത്തിദാദും മതനിരാസവും തുടങ്ങിയിരുന്നു. അതിന്റെ കാരണക്കാരൻ ദുൽഖിമാർ അബ്ഹല ബിൻ കഅബ് ആയിരുന്നു. അയാൾ അസ്വദ് അൻസി എന്ന പേരിൽ പ്രസിദ്ധനായി *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 224, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012).*

അസ്വദ് അൻസി യമനിലെ ഗോത്രമായ ബനൂ അൻസിന്റെ നേതാവായിരുന്നു. കറുത്ത വർഗ്ഗക്കാരനായതുകൊണ്ട് അസ്വദ് എന്നാണ് പറയപ്പെട്ടിരുന്നത്. *(സീറത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, അബുന്നസ്ർ, മുത്തർജിം പേജ് 570)*

ഒരു നിവേദനത്തിൽ അയാളുടെ അബ്ഹല ബിൻ കഅ്ബ് എന്നതിനു പകരം അയ്ഹല ബിൻ കഅ്ബ് ബിൻ ഔഫ് ബിൻ അൻസി എന്നാണ് വിവരിച്ചിട്ടുള്ളത്. അസ്വദ് അൻസിയുടെ സംജ്ഞാനാമമാണ് ദുൽഖിമാർ എന്നായിരുന്നു. കാരണം എല്ലാ സമയത്തും അയാൾ തുണി പുതച്ച് നടന്നിരുന്നു. *(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ വാല്യം 2, പേജ് 201, ദിക്റു അഖ്ബാറുൽ അസ് വദുൽ അൻസി ബാലയമൻ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2006)*

ചിലരുടെ അഭിപ്രായത്തിൽ ഈ പേര് ലഹരിയിൽ മദോന്മത്തനായിരുന്നതുകൊണ്ടാണ് വന്നത്. ചില നിവേദനങ്ങളിൽ അയാളുടെ പേര് സുൽഖിമാർ എന്ന് വന്നിട്ടുണ്ട്. അതിനുള്ള കാരണം എന്തെന്നാൽ അസ്‌വദിന്റെ പക്കൽ ഇണക്കിയ ഒരു കഴുത ഉണ്ടായിരുന്നു. അതിനോട് അതിന്റെ യജമാനന്റെ മുന്നിൽ സുജൂദ് ചെയ്യാൻ പറഞ്ഞാൽ സുജൂദ് ചെയ്യുമായിരുന്നു. ഇരിക്കാൻ പറഞ്ഞാൽ ഇരിക്കുമായിരുന്നു. നിൽക്കാൻ പറഞ്ഞാൽ നിൽക്കുമായിരുന്നു. *(അൽഅൻസാബ് ലിസംഹാരി ഭാഗം 1, പേജ് 387, പ്രസാധനം 2006)*

ചിലരുടെ വീക്ഷണത്തിൽ 'ഏതൊരു വ്യക്തിയാണോ തന്നിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നത് അയാൾ കഴുതപ്പുറത്താണ് സഞ്ചരിക്കുന്നതെന്ന് അയാൾ പറയുമായിരുന്നു' അതുകൊണ്ടാണ് അയാളെ ദുൽഖിമാർ എന്ന് പറഞ്ഞിരുന്നതെന്നാണ്. *(മദാറാജുന്നുബുവ്വ, മുത്തർറജിം, വാള്യം 2, പേജ് 481, പ്രസാധനം ളിയാഉൽഖുർആൻ പബ്ലിക്കേഷൻസ് ലാഹോർ)*

എന്തായാലും എഴുതിയിരിക്കുന്നു, അസ്‌വദ് തന്റെ സംജ്ഞാനാമം റഹ്മാനുൽ യമൻ എന്നാണ് വെച്ചിരുന്നത്;മുസയ്‌ലിമ തന്റെ പേര് റഹ്മാനുൽ യമാമ എന്ന് വെച്ചതുപോലെ. അയാൾ തനിക്കുമേൽ വഹ്‌യുണ്ടാകുന്നുവെന്നും അതു മുഖേന ശത്രുക്കളുടെ എല്ലാ പദ്ധതികളെ കുറിച്ചും നേരത്തെതന്നെ തനിക്ക് അറിവ് ലഭിക്കുന്നുവെന്നും പറഞ്ഞിരുന്നു. *(സീറത്ത് സയ്യിദുനാ ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖ്, അബുന്നസ്ർ മുത്തർറജിം പേജ് 571)*

അസ്‌വദ് മായാജാലക്കാരനായിരുന്നു. ജനങ്ങൾക്ക് അത്ഭുതകരമായ കൺകെട്ട് വിദ്യകൾ കാണിച്ചു കൊടുത്തിരുന്നു. *(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ വാള്യം 2, പേജ് 201, ദിക്റു അഖ്ബാറുൽ അസ്‌വദുൽ അൻസി ബിൽയമൻ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2006)*

ബുഖാരിയുടെ നിവേദനമനുസരിച്ച് നബി(സ)തിരുമേനിക്ക് സ്വപ്നത്തിൽ നേരത്തെതന്നെ രണ്ടു കള്ള നുബുവ്വത്ത് വാദികൾ പുറപ്പെടുമെന്നു അറിയിപ്പ് ലഭിച്ചിരുന്നു. ഹദ്‌റത്ത് അബൂഹുറയ്റ(റ) ഹദീഥ് വിവരിക്കുന്നു: ***ഖാല റസൂലുല്ലാഹി ബയ്നാ അനാ നാഇമുൻ ഉത്തീത്തു ബിഖസാഇനിൽ അർളി ഫവുളിഅ ഫീ കഫ്ഫീ സിവാറാനി മിൻ ദഹബിൻ ഫകബുറാ അലയ്യ ഫ ഔഹല്ലാഹു ഇലയ്യ അനിൻഫുഖ്ഹുമാ ഫനഫഖ്ത്തുഹുമാ ഫദഹബാ ഫഅവ്വൽത്തുഹുമൽ കദ്ദാബയ്നില്ലദയ്നി അനാ ബയ്നഹുമാ സ്വാഹിബ സ്വൻആഅ വ സാഹിബൽ യമാമത്തി*** *(സ്വഹീഹ് ബുഖാരി കിതാബുൽമഗാസി ബാബു വഫ്ദി ബനീ ഹനീഫത്ത രിവായത്ത് നമ്പർ 4375)*

നബി(സ)തിരുമേനി പറഞ്ഞു: ഇതിനിടയിൽ ഞാൻ ഉറങ്ങുകയായിരുന്നപ്പോൾ സ്വപ്നത്തിൽ എന്റെ കൈകളിൽ രണ്ടു സ്വർണ വളകൾ വെക്കപ്പെട്ടു. അതെന്നെ വളരെ ദുഃഖിതനാക്കി. അപ്പോൾ അവയിൽ ഊതാൻ സ്വപ്നത്തിൽ അല്ലാഹുവിൽനിന്ന് എനിക്ക് കല്പന ലഭിച്ചു. ഉടനെ ഞാൻ അവ രണ്ടിന്മേലും ഊതി. ഉടനെ അവ പറന്നുപോയി. എനിക്കുശേഷം പുറപ്പെടുന്ന രണ്ടു കള്ളപ്രവാചകന്മാരായിരുന്നു അവ. അവരിലൊരാൾ അൻസിയും മറ്റേയാൾ യമാമക്കാരൻ മുസയ്‌ലിമ കദ്ദാബുമാണ്.

ബുഖാരിയിലെതന്നെ മറ്റൊരു നിവേദനമുണ്ട്. ഹദ്‌റത്ത് ഇബ്നു അബ്ബാസ്(റ) വിവരിച്ചു: എനിക്ക് നബി(സ)തിരുമേനിയുടെ സ്വപ്നം പറയപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു: ഞാൻ ഉറങ്ങുകയായിരുന്നു, എന്റെ രണ്ട് കൈകളിലും സ്വർണ വളകൾ വെക്കപ്പെട്ടു. അതിൽ ഞാൻ പരിഭ്രാന്തനാകുകയും അത് മോശമാണെന്നു മനസ്സിലാക്കുകയും ചെയ്തു. എന്നോട് പറയപ്പെട്ടപ്പോൾ ഞാൻ അവക്കുമേൽ ഊതി. അപ്പോൾ അവ പറന്നുപോയി. അതായത് അല്ലാഹുവിൽനിന്ന് പറയപ്പെട്ടപ്പോൾ എന്ന് സാരം. ഞാൻ അതിനെ ഇങ്ങനെ വ്യാഖ്യാനിച്ചു. രണ്ടു കള്ളവാദികൾ എനിക്കെതിരെ പുറപ്പെടുന്നതാണ്. നിവേദകൻ ഉബയ്ദുല്ലാഹ് പറയുന്നു. ആ രണ്ടു പേരിലൊന്ന് അൻസി ആയിരുന്നു. അയാളെ യമനിൽ ഫയ്റോസ് ആണ് വധിച്ചത്. രണ്ടാമത്തേത് മുസയ്‌ലിമ കദ്ദാബും. *(സ്വഹീഹ് ബുഖാരി കിതാബുൽമഗാസി ബാബു വഫ്ദി ബനീ ഹനീഫത്ത രിവായത്ത് നമ്പർ 4379)*

നബി(സ)തിരുമേനി ഇറാൻ രാജാവായ കിസ്റായെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തെഴുതിയപ്പോൾ അയാൾ കോപിഷ്ഠനായി തന്റെ കീഴിൽ യമനിലുണ്ടായിരുന്ന ഗവർണർ ബാദാന് –ചിലയാളുകൾ ഇയാളുടെ പേര് 'ബദ്ഹാൻ' എന്നും വിവരിച്ചിട്ടുണ്ട്– ഇങ്ങനെ കൽപന നൽകി. അയാൾ ആ വ്യക്തിയെ അതായത് നബി(സ)തിരുമേനിയുടെ തലയുംകൊണ്ട് വരേണ്ടതാണ്. ബാദാൻ രണ്ടു പേരെ നബി(സ)തിരുമേനിയുടെ അടുത്ത് അയച്ചു. പക്ഷേ, നബി(സ)തിരുമേനി പറഞ്ഞു. എന്റെ അല്ലാഹു എന്നോട് പറഞ്ഞിരിക്കുന്നു: 'രാജാവിനെ അയാളുടെ മകൻ ശീറവയഃ കൊല്ലുകയും അയാളുടെ സ്ഥാനത്ത് രാജാവായി ഇരിക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം ബാദാനെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: 'അയാൾ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ അയാളെ തുടർന്നും യമനിലെ ഭരണാധികാരിയായി നിലനിറുത്തുന്നതാണ്.' ഇതെല്ലാം കേട്ട് ആ രണ്ടു ആഗതരും തിരിച്ചുപോയി. ബാദാനോട് എല്ലാ കാര്യങ്ങളും പറഞ്ഞു. ഇതിനിടയിൽ ബാദാന് വിവരങ്ങൾ കിട്ടിയിട്ടുണ്ടായിരുന്നു. കിസ്റായെ അയാളുടെ മകൻ ശീറവയഃ കൊന്നുവെന്നും അയാളുടെ സ്ഥാനത്ത് സ്വയം രാജാവായി അവരോധിതനായെന്നും അറിഞ്ഞിരുന്നു. ബാദാൻ നബി(സ)തിരുമേനി പറഞ്ഞ കാര്യം കേട്ടു. നബി(സ)തിരുമേനി ഇസ്‌ലാമിലേക്ക് ക്ഷണിച്ചത് സ്വീകരിക്കുകയുണ്ടായി. നബി(സ)തിരുമേനി അയാളെ തുടർന്നും യമനിലെ ഭരണാധികാരിയായി നിശ്ചയിച്ചു. *(ഹദ്‌റത്ത് അബൂബക്ർ സിദ്ദീഖ്,(മുത്തർറജിം) മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ ഉർദു തർജമ,പേജ് 117–118)*

ഈ കത്തിനെ സംബന്ധിച്ച് അതായത് ഇസ്‌ലാമിലേക്ക് ക്ഷണിച്ചതിനെ പറ്റിയും കിസ്റാ പറഞ്ഞതിനെ കുറിച്ചും ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് വിവരിക്കുന്നുണ്ട്. അബ്ദുല്ലാഹ് ബിൻ ഹുദാഫ പറയുന്നു: 'ഞാൻ കിസ്റായുടെ സവിധത്തിലെത്തിയപ്പോൾ അകത്തു കടക്കാൻ അനുമതി ചോദിക്കുകയും അത് നൽകപ്പെടുകയും ചെയ്തു. ഞാൻ മുന്നോട്ട് കടന്ന് നബി(സ)തിരുമേനിയുടെ കത്ത് കിസ്റായുടെ കൈയിൽ കൊടുത്തു. അയാൾ വിവർത്തകനോട് വായിച്ച് കേൾപ്പിക്കാൻ കല്പിച്ചു. വിവർത്തകൻ അതിന്റെ തർജമ കേൾപ്പിച്ചപ്പോൾ കിസ്റാ ദേഷ്യംകൊണ്ട് കത്ത് കീറുകയുണ്ടായി. അബ്ദുല്ലാഹ് ബിൻ ഹുദാഫ ഈ വിവരം നബി(സ)തിരുമേനിയെ അറിയിച്ചപ്പോൾ അവിടന്ന് പറഞ്ഞു: കിസ്റാ നമ്മുടെ കത്തിനോടു ചെയ്തതുപോലെ അല്ലാഹു അയാളുടെ രാജ്യാധിപത്യത്തോടും ചെയ്യുന്നതാണ്.

കിസ്റായുടെ ഈ പെരുമാറ്റത്തിന് കാരണമെന്തെന്നാൽ അറേബ്യായിലുള്ള യഹൂദികൾ റോമൻ സാമ്രാജ്യത്തിൽനിന്ന് രക്ഷപ്പെട്ടു ഇറാൻ ഭരണകൂടത്തിന് കീഴിൽ വന്നിട്ടുണ്ടായിരുന്നു. റോമൻ സാമ്രാജ്യത്തിനെതിരിലുള്ള ഗൂഢാലോചനയിൽ കിസ്റായോടൊപ്പം നിന്നതുകൊണ്ട് കിസ്റായെ നല്ലവണ്ണം പുകഴ്ത്തിയിരുന്നു. കിസ്റായേ നബി(സ)തിരുമേനിക്കെതിരിൽ നല്ലപോലെ ഇളക്കിവിടുകയും ചെയ്തിരുന്നു. അവർ പറഞ്ഞിരുന്ന പരാതികളെല്ലാം ആ കത്ത് കിസ്റായുടെ ധാരണ ശരിവെക്കും വിധമുള്ളതായിരുന്നു. ഈ വ്യക്തി അതായത് നബി(സ)തിരുമേനി തന്റെ ഭരണത്തിൽ കണ്ണ് വെക്കുന്നു ണ്ടെന്ന്! ഇത് അയാളുടെ ഒരു ധാരണയായിരുന്നു. അങ്ങനെ ഈ കത്തിന് ശേഷം ഉടൻ തന്നെ കിസ്റായെമനിലുള്ള തന്റെ ഗവർണർക്ക് ഇങ്ങനെ എഴുതി, അതിലെ വിഷയം ഇതായിരുന്നു: ഖുറയ്ശികളിൽ ഒരാൾ നുബുവ്വത്ത് വാദിക്കുന്നു. തന്റെ വാദങ്ങളിൽ ഒരുപാട് മുന്നോട്ട് പോയിരിക്കുന്നു. ഉടൻതന്നെ അയാളുടെ അടുത്ത് രണ്ടുപേരെ അയക്കുക. അവർ അയാളെ പിടിച്ചുകൊണ്ട് എന്റെ മുന്നിൽ ഹാജരാക്കട്ടെ. അപ്പോൾ യമനിലുണ്ടായിരുന്ന കിസ്റായുടെ ഗവർണർ ബാദാൻ ഒരു സൈന്യാധിപനെയും മറ്റൊരാളെയും നബി(സ)തിരുമേനിയുടെ അടുത്ത് അയച്ചു. ഒരു കത്തും നബി(സ)തിരുമേനിക്ക് കൊടുത്തു വിട്ടിരുന്നു. ആ കത്ത് കിട്ടിയ ഉടൻതന്നെ ഇവരോടൊപ്പം കിസ്റായുടെ ദർബാറിൽ ഹാജരാകണമെന്ന് എഴുതിയിരുന്നു. ആ സൈന്യാധിപൻ ആദ്യം മക്കയിലേക്കാണ് പോയത്. ത്വാഇഫിനു അടുത്തെത്തിയപ്പോൾ നബി(സ)തിരുമേനി മദീനയിലാണ് താമസിക്കുന്നതെന്ന് അയാൾക്ക് മനസ്സിലായി. അങ്ങനെ അവർ അവിടെ നിന്നു മദീനയിലേക്ക് പോയി. മദീനയിലെത്തി അയാൾ നബി(സ)തിരുമേനിയോട് പറഞ്ഞു: 'കിസ്റാ യമനിലെ ഗവർണർ മുഖേന കൽപിച്ചതെന്തെന്നാൽ താങ്കളെ പിടിച്ചുകൊണ്ട് അയാളുടെ സവിധത്തിൽ ഹാജരാക്കണമെന്നാണ്. താങ്കൾ ഈ കൽപന നിരാകരിക്കുകയാണെങ്കിൽ താങ്കളെയും കൊല്ലുന്നതാണ്, താങ്കളുടെ സമുദായത്തെയും നശിപ്പിക്കുന്നതാണ്. താങ്കളുടെ രാജ്യത്തെയും

നശിപ്പിക്കും. അതുകൊണ്ട് താങ്കൾ ഞങ്ങളുടെ കൂടെ തീർച്ചയായും പുറപ്പെടുക.' നബി(സ)തിരുമേനി അയാളുടെ ഈ വർത്തമാനം കേട്ടപ്പോൾ പറഞ്ഞു: 'ശരി! രാവിലെ നിങ്ങളെന്നെ വന്നു കാണുക.' രാത്രിയിൽ നബി(സ)തിരുമേനി അല്ലാഹുവിനോട് ദുആ ചെയ്തു. പ്രതാപവനായ അല്ലാഹു രാത്രിതന്നെ നബി(സ)തിരുമേനിയെ അറിയിച്ചു. കിസ്റായുടെ അപമര്യാദക്ക് ശിക്ഷ എന്ന നിലക്ക് അയാളുടെ മകനെ അയാൾക്കുമേൽ അധികാരിയാക്കിയിരിക്കുന്നു.

അങ്ങനെ ജമാദുൽ അവ്വൽ പത്താം തിയതി തിങ്കളാഴ്ച അയാളെ വധിക്കുന്നതാണ്.'ചില നിവേദനങ്ങളിൽ പറയുന്നു: 'നബി(സ)തിരുമേനി പറഞ്ഞു, ഇന്നത്തെ ദിവസം രാത്രി അല്ലാഹു അയാളെ വധിച്ചിരിക്കുന്നു. ഒരുപക്ഷേ, ആ രാത്രി ജമാദുൽ അവ്വൽ പത്താം തിയതി ആയിരിക്കാം. അങ്ങനെ രാവിലെയായപ്പോൾ നബി(സ) തിരുമേനി അവർ രണ്ടു പേരെയും വിളിച്ചു. അവർക്ക് പ്രവചനം കേൾപ്പിച്ചുകൊടുത്തു. തുടർന്ന് നബി(സ)തിരുമേനി ബാദാനുള്ള കത്തിൽ ഇങ്ങനെ എഴുതി: 'അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. കിസ്റാ ഇന്ന ദിവസം ഇന്ന മാസം വധിക്കപെടുന്നതാണ്.' ഈ കത്ത് യമനിലെ ഗവർണർക്ക് കിട്ടിയപ്പോൾ അയാൾ പറഞ്ഞു: 'അദ്ദേഹം സത്യപ്രവാചകനാണെങ്കിൽ ഇത് ഇങ്ങനെ തന്നെ സംഭവിക്കുന്നതാണ്. അല്ലെങ്കിൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ രാജ്യത്തിനും നല്ലതായിരിക്കില്ല.' കുറച്ച് കാലത്തിനുശേഷം ഇറാനിലെ ഒരു കപ്പൽ യമനിലെ തുറമുഖത്ത് നങ്കൂരമിട്ടു. ഗവർണർക്ക് ഇറാനിലെ രാജാവിന്റെ ഒരു കത്ത് കൊടുത്തു. അതിലുണ്ടായിരുന്ന മുദ്ര കണ്ടപ്പോൾ യമനിലെ ഗവർണർ പറഞ്ഞു: 'മദീനയിലെ നബി പറഞ്ഞത് സത്യമാണ്. ഇറാന്റെ രാജാധികാരം മാറിയിരിക്കുന്നു. ഈ കത്തിൽ മറ്റൊരു രാജാവിന്റെ മുദ്രയാണുള്ളത്. അയാൾ ആ കത്ത് തുറന്നു. അതിൽ ഇങ്ങനെ എഴുതിയിരുന്നു. യമനിലെ ഗവർണറായ ബാദാന് ഇറാനിലെ ശീറവിയഃ എഴുതുന്നത്; ഞാൻ എന്റെ പിതാവ് നേരത്തെ ഉണ്ടായിരുന്ന കിസ്റായെ വധിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അയാൾ രാജ്യത്ത് രക്തച്ചൊരിച്ചിലിനുള്ള മാർഗ്ഗങ്ങൾ തുറന്നിരിക്കുന്നു. രാജ്യത്തിലെ വന്ദ്യരായ ആളുകളെ വധിക്കുന്നു. സാധാരണക്കാർക്കുമേൽ ആക്രമണം നടത്തുന്നു. എന്റെ ഈ കത്ത് നിങ്ങൾക്ക് കിട്ടിയാൽ ഉടൻതന്നെ എല്ലാ നേതാക്കന്മാരോടും എന്നോടുള്ള അനുസരണം പ്രഖ്യാപിക്കാൻ പറയുക. ഇതിനുമുമ്പേ എന്റെ പിതാവ് അറേബ്യായിലെ നബിയെ പിടികൂടാൻ നൽകിയിരുന്ന കല്പന ഞാൻ റദ്ദാക്കുന്നു. ഈ കത്ത് വായിച്ചപ്പോൾ ബാദാൻ എത്രത്തോളം പ്രഭാവിതനായെന്നാൽ ഇസ്ലാം സ്വീകരിക്കുകയും തങ്ങൾ ഇസ്‌ലാം സ്വീകരിച്ചു എന്ന് നബി(സ)തിരുമേനിയെ അറിയിക്കുകയും ചെയ്തു. *(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാല്യം 20,പേജ് 317-319)* ദീബാച്ച തഫ്സീറുൽഖുർആനിൽ ഈ വിശദീകരണം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതിയിരിക്കുന്നു.

ബാദാൻ മരിച്ചതിനുശേഷം നബി(സ) തിരുമേനി തന്റെ അമീറുമാരെ യമനിലെ വിവിധ പ്രദേശങ്ങളിൽ കാര്യസ്ഥന്മാരായി നിശ്ചയിച്ചു. മുആദു ബിൻ ജബൽ യമനിലേയും ഹള്റമൗത്തിലെ എല്ലാ പ്രദേശങ്ങളുടേയും മുഅല്ലിമായിരുന്നു. അതുകൊണ്ട് അദ്ദേഹം ആ എല്ലാ സ്ഥലങ്ങളിലും പര്യടനം നടത്താറുണ്ടായിരുന്നു. അസ്‌വദ് ഒരു ജോത്സ്യനായിരുന്നു. അയാൾ യമനിന്റെ തെക്കുഭാഗത്താണ് താമസിച്ചിരുന്നത്. അയാൾ ചെപ്പടിവിദ്യയും അന്ത്യപ്രാസമൊപ്പിച്ചുള്ള കവിതകളും ആകർഷണീയമായ സംസാരവും കാരണത്താൽ വളരെ പെട്ടെന്ന് ജനശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. അയാൾ നുബുവ്വത്ത് വാദിക്കുകയും ചെയ്തു. തന്റെയടുത്ത് ഒരു മലക്ക് വരുന്നുണ്ടെന്നും എല്ലാകാര്യങ്ങളും തന്നോടു പറയുന്നുണ്ടെന്നും തന്റെ ശത്രുക്കളുടെ ഗൂഢപദ്ധതികളും രഹസ്യങ്ങളും തകർത്തുതരിപ്പണമാക്കുമെന്നും പറഞ്ഞു. അതുകേട്ട് സാധാരണക്കാരും അജ്ഞരുമായിട്ടുള്ളവർ വൻതോതിൽ അയാളുടെ ചുറ്റുംകൂടി. യഥാർഥത്തിൽ, അസ്‌വദ് അൻസി 'യമൻ യമൻകാരുടേതു മാത്രമാണ്'എന്ന മുദ്രാവാക്യവും മുഴക്കി. യമൻവാസികൾ ദേശീയമായ ഈ മുദ്രാവകൃത്തിൽ വളരെ ആകർഷിതരായി. ഈ മുദ്രാവാക്യം വളരെ പുരാതനമാണ്. ഇന്നും ഇതു ഉപയോഗിക്കപ്പെടുന്നു. ലോകത്തു വ്യാപിച്ചിട്ടുള്ള കലാപങ്ങൾ ഇക്കാരണത്താലാണ്. എന്തായാലും യമനിൽ ഇസ്‌ലാം ഇതുവരെ പൂർണമായും ജനങ്ങളിൽ ഉറച്ചിരുന്നില്ല. അതുകൊണ്ട് അവർ അപരിചിതരായവരുടെ നിയന്ത്രണത്തിൽനിന്ന് സ്വതന്ത്രരാകുന്നതിന് അസ്‌വദിന്റെ ദേശീയമുദ്രാവാക്യത്തിന് ലബ്ബയ്ക്ക് പറയുകയും അയോളോടൊപ്പം ചേരുകയും ചെയ്തു.

ഈ അപകടകരമായ വിവരങ്ങൾ മദീനയിലെത്തിയപ്പോൾ നബി(സ)തിരുമേനി, മുഅത്ത യുദ്ധത്തിലെ ശഹീദായവർക്കു പകരം ചോദിക്കുന്നതിനും വടക്കൻ ഭാഗത്തുനിന്നുള്ള ആക്രമണം തടയുന്നതിനും ഹദ്റത്ത് ഉസാമ ബിൻ സയ്ദിന്റെ സൈന്യത്തിന്റെ തയ്യാറെടുപ്പുകളിൽ നിരതനായിരുന്നു. നബി(സ)തിരുമേനി യമനിലെ നേതാക്കന്മാരുടെ പേരിൽ സന്ദേശമയച്ചു: 'അവർ സ്വന്തമായ നിലയിൽ അസ്‌വദിനെ നേരിട്ടുകൊണ്ടിരിക്കുക. ഉസാമയുടെ സൈന്യം വിജയം വരിച്ച് മടങ്ങിയുടനെ അദ്ദേഹത്തെ യമനിലേക്ക് അയക്കുന്നതായിരിക്കും.' *(അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 201, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2006)(സീറത്ത് സയ്യിദുനാ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, അബു നസ്ർ മുത്തർജിം പേജ് 571)*

അസ്‌വദ് അൻസിയുടെ സൈന്യത്തിൽ 700 കുതിരപ്പടയാളികളുണ്ടായിരുന്നു. അയാൾ വലിയ സൈന്യമാണ് സജ്ജമാക്കിയിരുന്നത്. ഒട്ടകയാത്രക്കാർ അതിനു പുറമെയായിരുന്നു. പിന്നീട് അയാളുടെ ഭരണം ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. മുദ്ഹിജുഗോത്രത്തിൽ അയാളുടെ പ്രതിനിധി അംറ് ബിൻ മഅ്ദീ കരിബായിരുന്നു. അംറ് ബിൻ മഅ്ദീ കരിബ് യമനിലെ പ്രസിദ്ധനായ അശ്വഭടനായിരുന്നു. കവിയുമായിരുന്നു. പ്രസംഗകനുമായിരുന്നു. അയാളുടെ സംജ്ഞാനാമം അബൂഥൗർ എന്നായിരുന്നു. ഹിജ്റ 10-ൽ അയാൾ തന്റെ ഗോത്രമായ ബനൂസബീദിന്റെ സംഘത്തോടൊപ്പം നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി ഇസ്‌ലാം സ്വീകരിച്ചു. പിന്നീട് നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം ഇയാൾ മുർത്തദ്ദായി. പക്ഷേ, പിന്നീട് സത്യത്തിലേക്ക് മടങ്ങുകയും ചെയ്തു. ഖാദിസിയ യുദ്ധത്തിൽ സ്തുത്യർഹമായ സേവനം ചെയ്തു. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തിന്റെ അവസാനത്തിൽ ഇദ്ദേഹം വഫാത്തായി. *(അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 201-202, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2006)(താരീഖെ അദബ് അറബി മുത്തർജിം പേജ് 67-68, പ്രസാധനം ഗുലാം അലി പ്രിന്റേഴ്സ് ലാഹോർ)*

എന്തായാലും എഴുതിയിരിക്കുന്നു: അസ്‌വദ് അൻസി ആദ്യം നജ്റാൻകാരുടെ മേൽ ആക്രമണം നടത്തി ഹദ്റത്ത് അംറ് ബിൻ ഹസ്മിനേയും ഖാലിദ് ബിൻ സയീദിനേയും പുറത്താക്കി. അതിനുശേഷം അയാൾ സ്വൻആയുടെമേൽ ആക്രമണം നടത്തി. അവിടെ ഹദ്റത്ത് ശഹ്ർ ബിൻ ബാദാൻ അയാളെ നേരിട്ടു. പക്ഷേ, അദ്ദേഹം ശഹീദായി. ഹദ്റത്ത് മുആദ് ബിൻ ജബൽ അപ്പോൾ സ്വൻആയിൽ തന്നെ ഉണ്ടായിരുന്നു. എന്നാൽ, ഈ അവസ്ഥ മുന്നിൽകണ്ട് ഹദ്റത്ത് അബൂമൂസായുടെ അടുത്ത് മആരിബിലേക്ക് പോയി. അവിടെനിന്ന് അവരിരുവരും ഹള്റമൗത്തിൽപോയി. ഇപ്രകാരം അസ്‌വദ് അൻസി യമനിന്റെ സകല പ്രദേശത്തും ആധിപത്യം സ്ഥാപിച്ചു. അസ്‌വദ് അൻസി, ഹദ്റത്ത് ശഹ്ർ ബിൻ ബാദാന്റെ ശഹാദത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യയെ ബലാൽക്കാരമായി വിവാഹവും ചെയ്തിരുന്നു. ഇവരുടെ പേര് 'മർസുബാന' അല്ലെങ്കിൽ ചില ഗ്രന്ഥങ്ങൾ പറയുന്നതനുസരിച്ച് 'ആസാദ്' എന്നായിരുന്നു. ഇതിന്നിടയിൽ ഹള്റമൗത്തിനും യമനിലെ മുസ്‌ലിമീങ്ങൾക്കും റസൂലുല്ലാഹി(സ)യുടെ കത്ത് ലഭിച്ചു. ഇതിൽ അവർക്ക് അസ്‌വദ് അൻസിയോടു യുദ്ധം ചെയ്യാനുള്ള കല്പനയുണ്ടായിരുന്നു. അതുകൊണ്ട് ഈ ഉദ്ദേശ്യനിർവഹണത്തിന് ഹദ്റത്ത് മുആദ് ബിൻ ജബൽ എഴുന്നേറ്റുനിന്നു. അതുമുഖേന മുസ്‌ലിമീങ്ങളുടെ മനസ്സ് കരുത്തുള്ളതായി. ജിശ്നസ് ദയ്‌ലമി പറയുന്നു: വബർ ബിൻ യുഹന്നിസ് റസൂലുല്ലായുടെ(സ)കത്തുമായി ഞങ്ങളുടെ അടുത്തു വന്നു. ജിശ്നസ് ദയ്‌ലമിയുടെ പേര് ചിലയിടങ്ങളിൽ ജുശയ്ശ് ദയ്‌ലമി എന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. എന്തായാലും ഇദ്ദേഹം നബി(സ)തിരുമേനി അസ്‌വദ് അൻസിയെ വധിക്കുന്നതിനുവേണ്ടി യമനിലേക്ക് കത്തെഴുതിയവരിൽപെട്ടയാളാണ്. അദ്ദേഹം ഫയ്റോസിനോടും ദാദുവയഃയോടുമൊപ്പം അയാളെ വധിച്ചു. *(അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 201-202, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2006)(ഉസുദുൽഗാബ ഭാഗം 1, പേജ് 535, ഭാഗം 2, പേജ് 643, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(മദാരിജുന്നുബുവ്വ വാല്യം 2, പേജ് 474, ശബീർ ബ്രദേഴ്സ് ലാഹോർ 2004)*

വബർ ബിൻ യുഹന്നിസിന്റെ പേര് വബര

ബിൻ യുഹന്നിസ് എന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം യമൻ സന്താനങ്ങളിൽപ്പെട്ടയാളായിരുന്നു. ഹിജ്റ 10-ൽ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹം വിവരിക്കുന്നു:'ഈ കത്തിൽ ഞങ്ങൾ ഞങ്ങളുടെ ദീനിൽ ഉറച്ചു നില്ക്കണമെന്ന് നബി(സ)തിരുമേനി ഞങ്ങൾക്ക് കല്പന തന്നിരുന്നു. യുദ്ധത്തിലൂടേയോ തന്ത്രത്തിലൂടേയോ അസ്‌വദുമായി യുദ്ധനടപടികൾ സ്വീകരിക്കാനും പറഞ്ഞിരുന്നു. ഇതുപോലെ തന്നെ ഇസ്‌ലാമിൽ ഉറച്ചു നില്ക്കുന്നവർക്ക് നബി(സ)തിരുമേനിയുടെ സന്ദേശമെത്തിക്കാനും ദീനിനെ സഹായിക്കാൻ അവരെ പ്രേരിപ്പിക്കാനും ഞങ്ങളോടു കൽപിച്ചിരുന്നു. ഞങ്ങൾ അതനുസരിച്ച് പ്രവർത്തിച്ചു. എന്നാൽ, ഞങ്ങൾ കണ്ടത് അസ്‌വദിനെതിരിൽ വിജയിക്കുക എന്നത് വളരെ ദുഷ്കരമായിട്ടാണ്.*(താരീഖ് അത്ത്വബരി വാല്യം 2, പേജ്248, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(ത്വബഖാത്തുൽകുബ്റ ഭാഗം 6, പേജ് 62-63ദാറുൽകുതുബുൽ ഇൽമിയ്യ 2017)(ഉസുദുൽഗാബ ഭാഗം 5, പേജ് 408, ദാറുൽകുതുബുൽഇൽമിയ്യ 2016)*

ജിശ്നസ് ദയ്‌ലമി വിവരിക്കുന്നു: ഞങ്ങൾക്ക് ഒരു കാര്യം മനസ്സിലായി, അസ്‌വദിനും ഖയ്സ് ബിൻ അബ്ദെ യഊഥിനുമിടയിൽ വിള്ളലുണ്ടായികഴിഞ്ഞിരിക്കുന്നു. പരസ്പരം ഛിദ്രത ഉണ്ടായിരിക്കുന്നു. ഇല്ലെങ്കിൽ കുറഞ്ഞപക്ഷം കുറച്ച് വൈരാഗ്യം ഉടലെടുത്തിരിക്കുന്നു. അതുകൊണ്ട് ഖയ്സിനെ തന്റെ ജീവന് ഭീഷണിയുണ്ടെന്ന് ഞങ്ങൾ ചിന്തിച്ചു.

ഖയ്സ് ബിൻ അബ്ദെ യഊഥിന്റെ പേരിലും വംശാവലിയിലും അഭിപ്രായ ഭിന്നതകളുണ്ട്. ഒരു മൊഴിയനുസരിച്ച് അദ്ദേഹത്തിന്റെ പേര് ഹുബയ്റ ബിൻ അബ്ദെ യഊഥ് എന്നായിരുന്നു. അബ്ദെ യഊഥ് ബിൻ ഹുബയ്റ എന്നും പറയപ്പെട്ടിരിക്കുന്നു. അബൂമൂസാ പറയുന്നു:ഇദ്ദേഹം ഖയ്സ് ബിൻ അബ്ദെ യഊഥ് മക്ശൂഹ് ആയിരുന്നു. ഒരു മൊഴിയനുസരിച്ച് ഇദ്ദേഹം സ്വഹാബിയായിരുന്നില്ല. മറ്റു മൊഴികളനുസരിച്ച് ഇദ്ദേഹത്തിന് നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ച നടത്തിയ, നബിയിൽനിന്ന് രിവായത്തു ചെയ്ത ബഹുമതിയുണ്ട്. ഇദ്ദേഹം അസ്‌വദ് അൻസിയെ വധിച്ചവരിൽപ്പെട്ടയാളാണ്. അംറ് ബിൻ മഅ്ദി കരിബിന്റെ സഹോദരീ പുത്രനായിരുന്നു. ഇദ്ദേഹം യമനിൽ മുർത്തദ്ദായവരിൽപെട്ടയാളുമാണ്. പക്ഷേ, പിന്നീട് ഇസ്‌ലാമിലേക്ക് മടങ്ങിവന്നു. ഇറാഖ് വിജയത്തിലും ഖദിസിയ്യ യുദ്ധത്തിലും ഇദ്ദേഹത്തിന്റെ നാമം തെളിഞ്ഞുനില്ക്കുന്നു. ഇദ്ദേഹം നിഹാവൻദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. സിഫ്ഫീൻ യുദ്ധത്തിൽ ഹദ്റത്ത് അലിയോടൊപ്പം ശഹീദായി.

ജിശ്നസ് ദയ്‌ലമി പറയുന്നു; ഞങ്ങൾ ഖയ്സിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ സന്ദേശമെത്തിക്കുകയും ചെയ്തു. ആ സമയത്ത് ഞങ്ങൾ ആകാശത്തുനിന്നി റങ്ങിയത് എന്നാണ് അയാൾക്ക് അനുഭവപ്പെട്ടത്. അതുകൊണ്ട് ഉടൻതന്നെ ഞങ്ങൾ പറഞ്ഞത് അംഗീകരിച്ചു. അതുപോലെ ഞങ്ങൾ മറ്റുള്ളവരുമായും കത്തിടപാടുകൾ നടത്തി. വിവിധ ഗോത്രത്തലവന്മാരും അസ്‌വദിനോട് പൊരുതാൻ തയ്യാറായിരുന്നു. അവർ ഞങ്ങളോട് കത്തുകൾ മുഖേന സഹായം വാഗ്ദാനം ചെയ്തു. ഞങ്ങൾ അതിനുള്ള മറുപടിയിൽ ഇങ്ങനെ എഴുതി: 'ഞങ്ങൾ അവസാന തീരുമാനം എടുത്ത് മറുപടി തരുന്നതുവരെയും തങ്ങളുടെ സ്ഥാനങ്ങളിൽ നിന്ന് അനങ്ങരുത്. കാരണം നബി(സ)തിരുമേനിയുടെ സന്ദേശം വന്നതുകാരണം അസ്‌വദിനെതിരിൽ നടപടിയെടുക്കേണ്ടത് അനിവാര്യമായിരുന്നു. അങ്ങനെ നബി(സ)തിരുമേനി നജ്റാനിലെ എല്ലാ ആളുകൾക്കും അസ്‌വദിനെ സംബന്ധിച്ച് എഴുതിയിരുന്നു. അവരെല്ലാം നബി(സ)തിരുമേനി പറഞ്ഞത് അംഗീകരിച്ചു. ഈ വിവരങ്ങൾ അസ്‌വദിനു കിട്ടിയപ്പോൾ അയാൾക്ക് തന്റെ ദുരന്തപര്യവസാനം കാണപ്പെട്ടു തുടങ്ങി. ജിശ്നസ് ദയ്‌ലമി പറയുന്നു: 'എനിക്കൊരു ഉപായം തോന്നി. ഞാൻ അസ്‌വദിന്റെ ഭാര്യയായ ആസാദിന്റെ അടുക്കൽ ചെന്നു. അവർ ശഹ്‌രി ബിൻ ബാദാന്റെ ഭാര്യയായിരുന്നു. അസ്‌വദ് ശഹ്‌രി ബിൻ ബാദാനെ കൊല ചെയ്തതിനു ശേഷം അവരെ വിവാഹം കഴിച്ചതാണ്. ഞാൻ അവരോട് അസ്‌വദിന്റെ കൈകളാൽ അവരുടെ ആദ്യ ഭർത്താവ് ഹദ്റത്ത് ശഹ്‌രി ബിൻ ബാദാൻ ശഹീദായതും അദ്ദേഹത്തിന്റെ കുടുംബത്തിലെ മറ്റു ആളുകളുടെ കൊലപാതകവും കുടുംബത്തിനുണ്ടായ നിന്ദ്യതയും പ്രയാസങ്ങളും അവരെ ഓർമപ്പെടുത്തുകയും ചെയ്തു. അവരോട് അസ്‌വദിനെതിരിൽ സഹായിക്കാൻ വേണ്ടി അഭ്യർഥിച്ചു. അവർ അതിനു സന്തോഷപൂർവം തയ്യാറായിക്കൊണ്ട് പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ അസ്‌വദിനെ അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളിലുംവെച്ച് ഏറ്റവും മോശമായി മനസ്സിലാക്കുന്നു. അയാൾ അല്ലാഹുവിന്റെ ഒരു അവകാശത്തെയും ആദരിക്കുന്നില്ല. അല്ലാഹു ഹറാമാക്കിയ വസ്തുക്കളിൽനിന്ന് വിട്ടുനിൽക്കുന്നുമില്ല. ഏതായാലും നിങ്ങൾ തീരുമാനമെടുത്താൽ എന്നെ അറിയിക്കുക. ഞാൻ ഈ കാര്യത്തിൽ ഉപായം മെനയുന്നതാണ്. അവസാനം ഒരു സമ്പൂർണ ആസൂത്രണത്തോടൊപ്പം അസ്‌വദ് അൻസിയുടെ ഈ ഭാര്യയുടെ സഹകരണത്തോടെ അസ്‌വദ് അൻസിയെ ഒരു രാത്രി അയാളുടെ കൊട്ടാരത്തിൽ പ്രവേശിച്ച് വധിക്കുകയുണ്ടായി. നേരം പുലർന്നപ്പോൾ ഈ പ്രത്യേക അടയാളത്തോടുകൂടി ഞങ്ങൾ കോട്ടയുടെ ചുമരിൽ കയറിനിന്ന് ഇങ്ങനെ വിളിച്ച് പറഞ്ഞു: 'മുർത്തദ്ദും കലാപകാരിയുമായ അസ്‌വദ് അൻസി തന്റെ പര്യവസാനത്തിൽ എത്തിച്ചേർന്നിരിക്കുന്നു.' തുടർന്ന് മുസ്‌ലിമീങ്ങളും കാഫിരീങ്ങളും കോട്ടയുടെ ചുറ്റും ഒരുമിച്ചുകൂടി. പിന്നെ അവർ സ്വുബ്ഹിയുടെ ബാങ്ക് കൊടുത്തുകൊണ്ട് പറഞ്ഞു: ***അശ്ഹദു അന്ന മുഹമ്മദുർറസൂലുല്ലാഹ്*** അതായത് മുഹമ്മദ്(സ) അല്ലാഹുവിന്റെ ദൂതനനാണെന്നു ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു; അസ്‌വദ് അൻസി വ്യാജനാകുന്നു. തുടർന്ന് അയാളുടെ തല ജനങ്ങൾക്ക് മുന്നിലേക്ക് വലിച്ചെറിഞ്ഞു. അങ്ങനെ ഈ ഫിത്ന മൂന്നുമാസംവരെ, മറ്റൊരു നിവേദനമനുസരിച്ച് നാലു മാസത്തോളം കത്തിപ്പടർന്നതിനുശേഷം തണുക്കുകയുണ്ടായി. എല്ലാ അമീർമാരും കൈകാര്യകർത്താക്കളും താന്താങ്ങളുടെ പ്രദേശങ്ങളിൽ പതിവുപോലെ കർമനിരതരായി. ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)അവർക്ക് ഇമാമത്ത് വഹിച്ചുണ്ടായിരുന്നു. അസ്‌വദ് അൻസിയുടെ വധത്തേയും അയാളുടെ സൈന്യത്തിന്റെ പരാജയത്തേയും പ്രസ്തുത ഫിത്നയുടെ പര്യവസാനത്തേയും കുറിച്ച് നബി(സ)തിരുമേനിക്ക് സന്ദേശം അയച്ചിരുന്നു. പക്ഷേ, അതിനുമുമ്പേ നബി(സ)തിരുമേനി വഫാത്തായിട്ടുണ്ടായിരുന്നു. നിവേദനങ്ങളിൽ ഇങ്ങനെയും പറയുന്നു, അല്ലാഹു നബി(സ)തിരുമേനിയുടെ വഫാത്തിനു മുമ്പേതന്നെ അസ്‌വദ് അൻസിയുടെ വധത്തെ കുറിച്ച് 'അയാൾ കൊല്ലപ്പെട്ട' അതെ രാത്രി വഹ്‌യ് മുഖേന അറിയിച്ചിട്ടുണ്ടായിരുന്നു. നബി(സ)തിരുമേനി അടുത്ത ദിവസം രാവിലെ സ്വഹാബാക്കൾക്ക് അതെ കുറിച്ച് അറിയിപ്പും നൽകിയിരുന്നു. ഫയ്റോസാണ് അയാളെ കൊന്നതെന്നും പറഞ്ഞിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ഖിലാഫത്തിൽ ഉപവിഷ്ടനായതിനുശേഷം കിട്ടിയ ആദ്യത്തെ സന്തോഷ വാർത്ത അസ്‌വദ് അൻസിയുടെ വധമായിരുന്നു. അസ്‌വദിന്റെ വധത്തെ കുറിച്ച് നബി(സ)തിരുമേനിക്ക് രാത്രിയാണ് വാർത്ത കിട്ടിയത്. അടുത്ത ദിവസം രാവിലെ നബി(സ)തിരുമേനി വഫാത്താകുകയും ചെയ്തു. ഒരു നിവേദനമനുസരിച്ച് അസ്‌വദിന്റെ മരണവാർത്തയുമായി മദീനയിലെത്തിയ ആൾ എത്തുമ്പോൾ നബി(സ)തിരുമേനിയെ ഖബറടക്കുകയായിരുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നു, അസ്‌വദിന്റെ വധത്തെ കുറിച്ച് നബി(സ)തിരുമേനിയുടെ വഫാത്തിനു പത്തുപന്ത്രണ്ടു

ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN

CONTACT NO: 98884 45694 (SABIR AHMAD)

**• അല്ലാഹുവിന്റെ കലാം •**

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

*(വിശുദ്ധ ഖുർആൻ 14:36)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ദിവസത്തിനുശേഷമാണ് മദീനയിൽ വിവരമെത്തിയതെന്നാണ്. അപ്പോഴേക്കും ഹദ്റത്ത് അബൂബക്ർ[റ] ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് വിവിധ നിവേദനങ്ങളുണ്ട്. ഏതായാലും ഈ സംഭവം ആ ദിവസങ്ങളിലെ കാര്യമാണ്. എട്ടു പത്തുദിവസം മുമ്പോശേഷമോ ആയിരിക്കാം. അസ്‌വദിന്റെ വധത്തിനുശേഷം സൻആയിൽ പഴയതുപോലെ ഇസ്‌ലാമിക ഭരണം സ്ഥാപിതമായി. *(അൽഇസാബ ഫീ തമീസിസ്സ്വഹാബ, വാള്യം 5, പേജ് 404-405,ദാറുൽകുതുബുൽ ഇൽമിയ്യ 2005)(ഹദ്റത്ത് അബൂബക്ർ കെ സർക്കാരിഖുതൂത്, ഖുർശിദ് അഹ്മദ് ഫാരിഖ് പേജ് 60, ജാവേദ് ബട്ട് പ്രസ്സ്)(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ വാള്യം 2, പേജ് 201-204, ദിക്റു അഖ്ബാറുൽ അസ് വദുൽ അൻസി ബിൽയമൻ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2006)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ഡോക്ടർ അലി മുഹമ്മദ് സ്വലാബി, ഉർദു തർജമ, പേജ് 301)*

പക്ഷേ, യമനിൽ വീണ്ടും ഒരിക്കൽക്കൂടി കലാപം ആരംഭിച്ചു.

നബി[സ]തിരുമേനിയുടെ വഫാത്തിനെ കുറിച്ച് യമനിൽ ചർച്ചയായപ്പോൾ നന്നായി വന്ന അവസ്ഥ വീണ്ടും മോശമാകാൻ തുടങ്ങി. ഖയ്സ് ബിൻ അബ്ദെ യഗൂസ്, ഇയാൾ ഫയ്റോസിനും ബാസിവിയ്യക്കുമൊപ്പം അസ്‌വദിനോടുചേർന്ന് കലാപകാരിയായിട്ടുണ്ടായിരുന്നതാണ്. അയാൾ അവരുടെ സഹായത്തോടുകൂടിയാണ് അസ്‌വദിനെ കൊല ചെയ്തത്. ഇപ്പോൾ വീണ്ടും ഇസ്‌ലാമിനോടുള്ള കൂറിൽനിന്നു പിന്മാറുകയാണ്. അയാൾ കഴിവും ദൃഢനിശ്ചയവുമുള്ള വ്യക്തിയായിരുന്നു. മാത്രമല്ല ദേശീയവാദത്തിൽ ഉന്മത്തനുമായിരുന്നു. യമനിൽ ഫാർസികളുടെ അധികാരത്തെ സംബന്ധിച്ച് ഇപ്പോഴും അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നു. അതിന്റെ പര്യവസാനത്തിനുശേഷം അബ്നാഅ്ന്റെ സന്തോഷത്തെയും സംഘടിത ശക്തിയെയും സാമ്പത്തിക മേൽകോയ്മയെയും തകർക്കാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു. അയാൾ നേരത്തെതന്നെ വിജയശ്രീലാളിതനായ സൈനിക നേതാവായിരുന്നു. അയാൾ അസ്‌വദിന്റെ സൈനിക നേതാക്കന്മാരുമായി ഗൂഢാലോചന നടത്തുകയും അബ്നാഅ്നെ രാജ്യത്ത് നിന്ന് പുറത്താക്കാൻ പദ്ധതി ആസൂത്രണം ചെയ്യുകയും ചെയ്തു. ഫയ്റോസും ദാദുവിയയുമായിട്ടുള്ള ബന്ധം മോശമായിട്ടുണ്ടായിരുന്നു. ദാദുവിയയെ ചതിയിലൂടെ കൊലപ്പെടുത്തി. ഫയ്റോസ് കൊലയിൽനിന്ന് രക്ഷപ്പെടുകയും ചെയ്തു. ഫയ്റോസ്, ഹദ്റത്ത് അബൂബക്റിന് തന്റേയും അബ്നായുടെയും കൂറിനെ സംബന്ധിച്ച് അറിയിച്ചുകൊണ്ട് ഇങ്ങനെ അപേക്ഷിച്ചു: 'ഞങ്ങളെ സഹായിച്ചാലും. ഞങ്ങൾ ഇസ്‌ലാമിനു വേണ്ടി എല്ലാ ത്യാഗത്തിനും തയ്യാറാണ്.' *(ഹദ്റത്ത് അബൂബക്ർ കെ സർക്കാരിഖുതൂത്, ഖുർശിദ് അഹ്മദ് ഫാരിഖ് പേജ് 60-61, ജാവേദ് ബട്ട് പ്രസ്സ്)*

എഴുതുന്നു: നബി[സ]തിരുമേനി വഫാത്തായപ്പോൾ ഹള്റമൗത്തിന്റെ പ്രദേശങ്ങളിൽ നബി[സ]തിരുമേനിയുടെ കൈകാര്യകർത്താവ് സിയാദ് ബിൻ ലബീദായിരുന്നു. ഹദ്റത്ത് സിയാദ് ബിൻ ലബീദ് നബി[സ] തിരുമേനിയുടെ സ്വഹാബിയുമായിരുന്നു. ഹദ്റത്ത് സിയാദിന്റെ ഒരു മകനായിരുന്നു അബ്ദുല്ലാഹ്. രണ്ടാം അഖബായിൽ എഴുപതു സുഹൃത്തുക്കളോടൊപ്പം നബി[സ]തിരുമേനിയുടെ സവിധത്തിൽ ഹാജരാകുകയും ഇസ്‌ലാം സ്വീകരിക്കുകയുമുണ്ടായി. ഇസ്‌ലാം സ്വീകരിച്ച് മദീനയിൽ തിരിച്ചെത്തിയ ഉടൻതന്നെ അദ്ദേഹം തന്റെ ബയാള ഗോത്രത്തിന്റെ വിഗ്രഹം തച്ചുടക്കുകയുണ്ടായി. അവർ വിഗ്രഹാരാധകരായിരുന്നു. തുടർന്ന് നബി[സ]തിരുമേനിയുടെ അടുക്കൽ മക്കയിൽ പോയി. അവിടെതന്നെ താമസമാക്കി. പിന്നെ നബി[സ]തിരുമേനി മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ അദ്ദേഹവും ഹിജ്റത്ത് ചെയ്തു. അതുകൊണ്ടു ഹദ്റത്ത് സിയാദ് മുഹാജിർ അൻസ്വാരി എന്നാണ് അറിയപെടുന്നത്. അതായത് മുഹാജിറുമാണ് അൻസ്വാരിയുമാണ്. ഹദ്റത്ത് സിയാദ് ബദ്ർ, ഉഹുദ്, ഖൻദഖ്, തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി[സ]തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. നബി[സ]തിരുമേനി ഹിജ്റത്ത് ചെയ്തു മദീനയിലെത്തി. ബനൂബയാള ഗോത്രത്തിന്റെ മഹല്ലിലൂടെ പോകുമ്പോൾ ഹദ്റത്ത് സിയാദ് സ്വാഗതം ചെയ്തുകൊണ്ട് താമസിക്കാൻ തന്റെ വീട് നബി[സ]തിരുമേനിക്ക് മുന്നിൽ സമർപ്പിച്ചു. അപ്പോൾ നബി[സ]തിരുമേനി പറഞ്ഞു: 'എന്റെ ഒട്ടകത്തെ സ്വതന്ത്രമാക്കി വിടുക. അത് സ്വയം താവളം കണ്ടെത്തുന്നതാണ്.' ഹിജ്റ ഒമ്പതാം വർഷം മുഹർറമാസത്തിൽ നബി[സ]തിരുമേനി സ്വദഖയും സക്കാത്തും പിരിക്കുന്നതിനുവേണ്ടി പല പിരിവുകാരേയും നിശ്ചയിച്ചിരുന്നു. അതിൽ ഹദ്റത്ത് സിയാദിനെ, ഹളറമൗത്തിന്റെ പ്രദേശങ്ങളിൽ പിരിവുകാരനായി നിശ്ചയിക്കുകയുണ്ടായി. ഹദ്റത്ത് ഉമർ[റ]ന്റെ കാലഘട്ടംവരെയും അദ്ദേഹം ഈ സേവനത്തിൽത്തന്നെ നിരതനായിരുന്നു. ഈ സ്ഥാനത്തുനിന്ന് വിരമിച്ചതിനുശേഷം അദ്ദേഹം കൂഫയിൽ താമസമാക്കുകയും അവിടെ ഹിജ്റ 41-ൽ വഫാത്താകുകയും ചെയ്തു. *(ത്വബഖാത്തുൽകുബ്റ വാള്യം 3, പേജ് 302, പ്രസാധകർ ദാറുഅഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 1996) (പച്ചാസ് സ്വഹാബ, ത്വാലിബ് ഹാശ്മി പേജ് 557-559, അൽബദ്ർ പബ്ലിക്കേഷൻസ് ലാഹോർ)*

ഹദ്റത് മുഹാജിർ നജ്റാനിലേക്ക് പോയതിനെ സംബന്ധിച്ച് ഇങ്ങനെ രേഖപ്പെട്ടിരിക്കുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീക്ക്[റ] തയ്യാറാക്കിയ പതിനൊന്നു സൈന്യങ്ങളിൽ ഏറ്റവും അവസാനത്തെ സൈന്യമായ ഹദ്റത്ത് മുഹാജിർ ബിൻ അബൂഉമയ്യയുടെ സൈന്യം മദീനയിൽനിന്ന് യമനിലേക്ക് പുറപ്പെട്ടു. യമനോടൊപ്പം മുഹാജിരീങ്ങളുടെയും അൻസ്വാരികളുടെയും സ്വഹാബാക്കൾ അടങ്ങുന്ന ഒരു സംഘവും ഉണ്ടായിരുന്നു. ഈ സൈന്യം മക്കയിലൂടെ പോകുമ്പോൾ അത്താബ് ബിൻ ഉസയ്ദിന്റെ സഹോദരനും മക്കയിലെ അമീറുമായ ഖാലിദ് ബിൻ ഉസയ്ദും അവരോടപ്പംകൂടുകയുണ്ടായി.ഈസൈന്യം ത്വാഇഫിലൂടെ കടക്കുമ്പോൾ അബ്ദുർറഹ്മാൻ ബിൻ ആസ് തന്റെ കൂട്ടുകാരോടൊപ്പം ഈ സൈന്യത്തിൽ ചേർന്നു. ഇതേപോലെ വഴിയിൽ വിവിധ ഗോത്രക്കാരായ ആളുകൾ അദ്ദേഹത്തോടൊപ്പം സൈന്യത്തിൽ ഭാഗഭാക്കായി. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ഡോക്ടർ അലി മുഹമ്മദ് സ്വലാബി, ഉർദു തർജമ, പേജ് 305, മുത്തർജിം ശമീം അഹ് മദ് ഖലീൽ സുൽഫി)* അങ്ങനെ ഈ വലിയൊരു സൈന്യം മുന്നോട്ട് പോയി.

അംറ് ബിൻ മഹ്ദി കരിബും ഖയ്സ് ബിൻ മഖ്ശൂഹും അറസ്റ്റിലായതിനെ കുറിച്ച് എഴുതുന്നു. നേരത്തെയും ഈ സംഭവം വിവരിച്ചതാണ്. അംറ് ബിൻ മഹ്ദി കരിബ് തന്റെ ധീരതയിലും ശക്തിയിലും അഭിരമിച്ചുകൊണ്ട് ഇസ്‌ലാമിക ഭരണത്തിന്നെതിരിൽ കലാപം തുടങ്ങി. ഖയ്സ് ബിൻ അബ്ദെ യഗൂസുംകൂടെ കൂടിയിരുന്നു. ഇവർ രണ്ടുപേരും ഓരോ ഗോത്രത്തിലുംപോയി അവരെ മുസ്‌ലിമീങ്ങൾക്കെതിരിൽ ഇളക്കിക്കൊണ്ട് കലാപത്തിന് പ്രേരിപ്പിച്ച് കൊണ്ടിരുന്നു. അതിന്റെ പരിമിതിയിൽ നജ്റാനിലെ ക്രിസ്ത്യൻ സമൂഹമൊഴികെ-അവർ നബി[സ]തിരുമേനിയുമായി സൗഹൃദ ഉടമ്പടി ഉണ്ടാക്കിയിരുന്നു-ഹദ്റത്ത് അബൂബക്ർ[റ]ന്റെ കാലത്തും തങ്ങളുടെ ഉടമ്പടിയിൽ നില നിൽക്കുകയുണ്ടായി. ഇവരൊഴിക ബാക്കി എല്ലാ ഗോത്രങ്ങളും അംറ് ബിൻ മഹ്ദി കരിബിന്റെകൂടെ കൂടുകയും മുസ്‌ലിമീങ്ങൾക്കെതിരിൽ നിൽക്കുകയും ചെയ്തു. അല്ലാഹുവിന്റെ ഖുദ്റത്ത് നോക്കുക. യമൻകാർക്ക് ഹദ്റത്ത് മുഹാജിറിന്റെ വലിയ സൈന്യം യമനിലേക്ക് വരുന്നു എന്നറിയിപ്പു കിട്ടാൻ തുടങ്ങിയപ്പോൾ യമൻകാർ പരിഭ്രമിച്ചു. അവർക്ക് ഹദ്റത്ത് മുഹാജറിന്റെ സൈന്യത്തെ അഭിമുഖീകരിക്കാൻ കഴിയുന്നതുമുണ്ടായിരുന്നില്ല. ഇവർ ഇതേ അവസ്ഥയിൽ അവരുടെ നേതാക്കന്മാരായ ഖയ്സിനോടും അംറ് ബിൻ മഹ്ദി കരിബിനോടും വിഘടിക്കുകയുണ്ടായി. എന്നിട്ടും അവർ ഹദ്റത്ത് മുഹാജിറിനെ എതിർക്കാൻതന്നെ തീരുമാനിച്ചു. അവർ പരസ്പരം പരിക്കേൽപ്പിക്കാനുള്ള ശ്രമത്തിൽ കർമനിരതരായിരുന്നു. അവസാനം അംറ് ബിൻ മഹ്ദി കരിബ് മുസ്‌ലിമീങ്ങളോടൊപ്പം ചേരാൻ തീരുമാനിച്ചു. ഒരു ദിവസം രാത്രി അയാൾ തന്റെ ആളുകളോടൊപ്പം ഖയ്സിന്റെ താമസസ്ഥലത്ത് ആക്രമണം നടത്തി. അയാളെ പിടിച്ചുകെട്ടി ഹദ്റത്ത് മുഹാജിറിന്റെ സവിധത്തിൽ കൊണ്ടുവന്നു. പക്ഷേ, ഹദ്റത്ത് മുഹാജിർ, ഖയ്സിനെ മാത്രം ബന്ധനസ്ഥനാക്കാൻ താൽപര്യപ്പെട്ടില്ല. മറിച്ച് അതോടൊപ്പംതന്നെ അംറ് ബിൻ മഹ്ദി കരിബിനേയും ബന്ധനസ്ഥനാക്കി. അവരുടെ രണ്ടു പേരുടെയും അവസ്ഥ ഹദ്റത്ത് അബൂബക്ർ[റ]ന് എഴുതി അറിയിക്കുകയും ചെയ്തു. അവർ രണ്ടുപേരെയും ഹദ്റത്ത് അബൂബക്ർ[റ]ന്റെ സവിധത്തിലേക്ക് അയച്ചു.

അങ്ങനെ ഖയ്സും അംറ് ബിൻ മഹ്ദി കരിബും ഹദ്റത്ത് അബൂബക്ർ[റ]ന്റെ മുന്നിൽ കൊണ്ടുവരപ്പെട്ടു. ഹദ്റത്ത് അബൂബക്ർ[റ] ഖയ്സിനോട് പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിന്റെ ദാസന്മാർക്കുമേൽ ആക്രമണം നടത്തിക്കൊണ്ട് അവരെ വധിക്കുക

യാണോ? നിങ്ങൾ വിശ്വാസികളെ ഒഴിവാക്കി മുശ്രിക്കീങ്ങളെയും മുർത്തദ്ദുകളായ കലാപകാരികളെയും സുഹൃത്തുക്കളാക്കുകയാണോ?’ ഇതേകുറിച്ച് വ്യക്തമായ കുറ്റം തെളിയിക്കപ്പെടുകയാണെങ്കിൽ ഹദ്റത്ത് അബൂബക്ർ(റ) അയാളെ വധിക്കണമെന്ന് തീരുമാനിച്ചിരുന്നു. ഖയ്സ്, ദാദുവിയയെ വധിക്കാനുള്ള ഗൂഢാലോചനയിലും അതിൽ ഭാഗഭാക്കാകുകയും ചെയ്തതിനെ കുറിച്ച് തീർത്തും നിഷേധിച്ചു. ഇത് വളരെ രഹസ്യമായി ചെയ്ത കാര്യമായിരുന്നു. അതുകൊണ്ട് അതെ കുറിച്ച് ഖയ്സിനെതിരിൽ ഒരു വ്യക്തമായ തെളിവും കിട്ടിയില്ല. അങ്ങനെ ഹദ്റത്ത് അബൂബക്ർ(റ) തെളിവില്ലാത്തതിനാലും വധത്തിൽ പങ്കില്ലെന്ന് പറഞ്ഞതിനാലും അയാളെ വെറുതെ വിടുകയുണ്ടായി. ഹദ്റത്ത് അബൂബക്ർ(റ), അംറ് ബിൻ മഹ്ദി കരിബിനോടു ചോദിച്ചു: ‘എല്ലാ ദിവസവും പരാജയപ്പെടുകയും നിന്റെ വലയം കുടുസ്സാകുകയും ചെയ്യുന്നതിൽ നിനക്ക് നിന്ദ്യത അനുഭവപ്പെടുന്നില്ലേ? നിങ്ങൾ ഈ ദീനിനെ സഹായിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്ക് ഉയർന്ന സ്ഥാനങ്ങൾ നൽകുന്നതാണ്. പിന്നെ അദ്ദേഹം അവരെ സ്വാതന്ത്രരാക്കി. അതായത് അവർ രണ്ടുപേരെയും അതായത് അംറിനെയും ഖയ്സിനെയും അവരുടെ ഗോത്രങ്ങളുടെ ചുമതലയും ഏല്പിച്ചു. അംറ് പറഞ്ഞു: ‘ഞാൻ അമീറുൽ മുഅ്മിനീന്റെ ഉപദേശങ്ങൾ തീർച്ചയായും സ്വീകരിക്കുന്നതാണ്. വീണ്ടും ഈ തെറ്റ് ആവർത്തിക്കുന്നതല്ല.’ *(താരീഖ് അത്ത്വബരി വാള്യം 2, പേജ്299, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്,(മുത്തർറജിം) മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ ഉർദു തർജമ,പേജ് 253–254)*

അവർ രണ്ടുപേരെയും കുറിച്ച് വ്യക്തമായ തെളിവുകൾ ഇല്ലായിരുന്നതിനാലും അവരുടെ നേതൃസ്ഥാനവും അറിവും പരിഗണിച്ചും അവർക്ക് മാപ്പു കൊടുക്കുകയുണ്ടായി.

അവർക്ക് മാപ്പു കൊടുത്തതിനെ സംബന്ധിച്ച് ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഒരു ജീവ ചരിത്രകാരൻ എഴുതുന്നു: ഹദ്റത്ത് അബൂബക്ർ(റ) വളരെ ദീർഘദർശിയും ക്രാന്തദർശിയും പരിണിതഫലത്തെ കുറിച്ച് നല്ല പോലെ മനസ്സിലാക്കുന്ന ആളുമായിരുന്നു. കാഠിന്യം പ്രവർത്തിക്കേണ്ട അവസരങ്ങളിൽ കഠിനമായി തന്നെ പെരുമാറി. മാപ്പു കൊടുക്കേണ്ട ഇടങ്ങളിൽ മാപ്പു കൊടുക്കുകയും ചെയ്തു. അദ്ദേഹം ഗോത്രങ്ങളിലെ ചിന്നിച്ചിതറിയ ആളുകളെ ഇസ്ലാമിക പതാകയ്ക്കുകീഴിൽ ഒരുമിച്ച് കൂട്ടുന്നതിൽ താൽപര്യവും ആഗ്രഹവുമുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ യുക്തിപൂർവമായ രാഷ്ട്രീയ നീക്കങ്ങൾ ഗോത്ര തലവന്മാർക്ക് സത്യത്തിലേക്ക് തിരിച്ചുവന്നതിനുശേഷം മാപ്പു നൽകുകയുണ്ടായി. അദ്ദേഹം യമനിലെ മുർത്തദ്ദ് ഗോത്രങ്ങളെ കീഴ്പ്പെടുത്തിയപ്പോൾ അവർക്ക് ഇസ്ലാമിക സാമ്രാജ്യത്തിന്റെ പ്രതാപവും മുസ്ലിമീങ്ങളുടെ ആദരിയാവസ്ഥയും വിജയവും ശക്തിയും അവരുടെ ഉറച്ച തീരുമാനങ്ങളെ കുറിച്ചും ബോധ്യപ്പെടുത്തി കൊടുക്കുകയും ചെയ്തു. അത് ഗോത്രങ്ങൾ അംഗീകരിക്കുകയും ഇസ്ലാമിക ഭരണത്തിൻകീഴിൽ വരികയും റസൂലിന്റെ ഖലീഫയെ അനുസരിക്കാൻ തയാറാക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ) ഗോത്ര തലവന്മാരുമായി സുദൃഢ ബന്ധം ഉണ്ടാക്കുന്നതും കാഠിന്യത്തിനു പകരം സൗമ്യമായി പെരുമാറുന്നതും ഉചിതമാണെന്നു കരുതി. അങ്ങനെ അവരുടെ ശിക്ഷകൾ ഒഴിവാക്കുകയും അവരോട് സൗമ്യ സംഭാഷണം നടത്തുകയും ചെയ്തു. ഗോത്രങ്ങൾക്കുള്ളിൽ അവരുടെ പ്രതാപത്തെ ഇസ്ലാമിനും മുസ്ലിമീങ്ങൾക്കും പ്രയോജനപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്തു. അദ്ദേഹം അവരുടെ ഇടർച്ചകളെ പൊറുത്തു കൊടുത്തു. അവരുമായി നല്ല രീതിയിൽ പെരുമാറുകയും ചെയ്തു. ഖയ്സ് ബിൻ യഗൂഥിനോടും അംറ് ബിൻ മഹ്ദി കരബിനോടും ഇങ്ങനെയാണ് പെരുമാറിയത്. അവർ രണ്ടുപേരും അറേബ്യായിലെ യോദ്ധാക്കളും ബുദ്ധിമാന്മാരുമായിരുന്നു. അവരെ നഷ്ടപ്പെടുത്തുന്നത് ഉചിതമെന്നു ഹദ്റത്ത് അബൂബക്ർ(റ) കരുതിയില്ല. അദ്ദേഹം അവരെ ഇസ്ലാമിനുവേണ്ടി കൂറുള്ളവരാക്കാനും പരിശ്രമിച്ചു. ഇസ്ലാമിനും മത നിരാസത്തിനും ഇടയിലുണ്ടായിരുന്ന തടസ്സങ്ങളിൽ നിന്ന് അവരെ പുറത്തു കൊണ്ടുവന്നു. ഹദ്റത്ത് അബൂബക്ർ(റ), അംറ് ബിൻ മഹ്ദി കരിബിനെ മോചിപ്പിച്ചു. അതിനുശേഷം പിന്നീടൊരിക്കലും മുർത്തദ്ദായിട്ടില്ല. മറിച്ച് ഇസ്ലാം സ്വീകരിക്കുകയും നല്ല മുസ്ലിമായിട്ടുതന്നെ ജീവിതം കഴിച്ച് കൂട്ടുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തെ സഹായിച്ചു. അദ്ദേഹം ഇസ്ലാമിക വിജയങ്ങളിൽ കാര്യക്ഷമമായി ഭാഗഭാക്കായി. ഖയ്സും തന്റെ ചെയ്തികളിൽ ലജ്ജിതരായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തിന് മാപ്പു കൊടുത്തു. അറേബ്യായിലെ ഈ രണ്ടു യുദ്ധ നിപുണർക്ക് മാപ്പു കൊടുത്തത് കാരണം വളരെ ദൂരവ്യാപക സത്ഫലങ്ങൾ ഉളവായി. ഹദ്റത്ത് അബൂബക്ർ(റ)അങ്ങനെ അവരുടെ ഹൃദയങ്ങളെ ഒരുമിച്ച് ചേർത്തു. അവർ മുർത്തദ്ദായതിനു ശേഷം ഭയവും പ്രത്യാശയും കാരണം ഇസ്ലാമിലേക്ക് തിരിച്ചുവന്നു. അദ്ദേഹം അശ്അസ് ബിൻ ഖയ്സിനു മാപ്പു കൊടുത്തു. അങ്ങനെ ഹദ്റത്ത് അബൂബക്ർ(റ) അവരുടെ ഹൃദയങ്ങളെ ബന്ദിയാക്കി. അവരുടെ ഹൃദയങ്ങളുടെ രാജാവായി. ഭാവിയിൽ ഇവർ ഇസ്ലാമിന്റെ സഹായത്തിനും മുസ്ലിമീങ്ങളുടെ ശക്തിക്കും കാരണമായി. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്,(മുത്തർറജിം) മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ ഉർദു തർജമ,പേജ് 313–314)*

അതായത് ഒരു ബലാൽകാരവുമില്ലായിരുന്നു. മറിച്ച് അവർ ഹൃദയപൂർവം ഇസ്ലാം സ്വീകരിക്കുകയും ഹദ്റത്ത് അബൂബക്ർ(റ)നെ അനുസരിക്കുകയും ചെയ്തു.

ഹദ്റത്ത് മുഹാജിർ നജ്റാനിൽനിന്ന് ലഹജിയ്യ എന്ന സ്ഥലത്തേക്ക് പുറപ്പെട്ടു. കുതിര സവാരിക്കാർ അവരുടെ സംഘത്തെ വളഞ്ഞപ്പോൾ അവർ അഭയയാചന നടത്തി. പക്ഷേ, മുഹാജിർ അവർക്ക് അഭയം നൽകാൻ തയാറായില്ല. അപ്പോൾ ജനങ്ങൾ രണ്ടായി വിഭജിക്കപ്പെട്ടു. അതിൽ ഒരു സംഘം ഹദ്റത്ത് മുഹാജിറുമായി അജീബ് എന്ന സ്ഥലത്ത് ഏറ്റുമുട്ടി. അജീബ് യെമനിലുള്ള ഒരു സ്ഥലമാണ്. ഹദ്റത്ത് മുഹാജിറിന്റെ മറ്റു പടയാളികൾ ഹദ്റത്ത് അബ്ദുല്ലായുടെ നേതൃത്വത്തിൽ അഖാബിഥിന്റെ വഴിയിലൂടെ അവരെ നേരിട്ടു. ഓടിപ്പോകുന്ന ശത്രുക്കൾ എല്ലാ വഴിയിലും കൊല്ലപ്പെട്ടു കൊണ്ടിരുന്നു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ്299, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(മുഅ്ജമുൽ ബുൽദാൻ വാള്യം 4, പേജ് 99)*

യമനിലെ പ്രദേശമായ അഅ്ലാബിൽ അക്ഗോത്രം കലാപം തുടങ്ങിയപ്പോഴാണ് അവർക്ക് അഖാബിഥ് എന്ന പേര് നൽകിയത്. ഈ മോശ പ്രകൃതമുള്ള ആളുകളുമായി യുദ്ധം നടന്ന ഈ വഴി ത്വരീഖുൽ അഖാബിഥ് എന്ന് അറിയപ്പെടാൻ തുടങ്ങി. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 294–295, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് മുഹാജിർ സ്വൻആയിലെത്തിയതിനെ കുറിച്ച് എഴുതുന്നു: ഹദ്റത്ത് മുഹാജിർ അജീബിൽ നിന്ന് തിരിച്ച് സ്വൻആയിലത്തിയപ്പോൾ അദ്ദേഹം പിന്തിരിഞ്ഞോടുന്ന വ്യത്യസ്ത ഗോത്രങ്ങളെ പിന്തുടരാൻ കൽപിച്ചു. അവരിൽ പിടിക്കപ്പെട്ടവരെ മുസ്ലിമീങ്ങൾ വധിക്കുകയുണ്ടായി. ഒരു കലാപകാരിക്കും മാപ്പു കൊടുത്തില്ല. എന്നാൽ, കലാപകാരികൾക്ക് പുറമെ പശ്ചാത്തപിക്കാൻ തയ്യാറായവരുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്തു. യുദ്ധവും അക്രമവും ചെയ്യുന്നവർക്ക് മാപ്പു കൊടുത്തില്ല. പക്ഷേ, മറ്റുള്ളവർക്ക് മാപ്പുനൽകി. അവരുടെ മുൻകാല അവസ്ഥയനുസരിച്ച് അവരോട് പെരുമാറി. അവരിൽനിന്ന് നന്മ പ്രതീക്ഷിക്കുകയും ചെയ്തു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ്299, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

അടുത്ത വിവരണം കുറച്ച് വിശദമായിട്ടുള്ളതാണ്. അതുകൊണ്ട് ഞാൻ ഇവിടെ നിറുത്തുകയാണ്. തുടർന്ന് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. *(അൽഫള്ൽ ഇന്റർനാഷണൽ 26 ജൂലായ് –8 ആഗസ്റ്റ് 2022(പ്രത്യേകപതിപ്പ് ജൽസ സാലാന),പേജ് 5–9)*


## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ**
**ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെ തന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**‘ബയ്ത്തുൽ ഇസ്റ’ വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 11 August 2022 Issue-32

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

**പേജ് 1 ൽ നിന്ന്**

ചോദിക്കും ഇദ്ദേഹവും നിങ്ങളിൽനിന്നുള്ള ഒരാളായിരുന്നു. ഇദ്ദേഹം എന്തുകൊണ്ടാണ് ശിർക്ക് തുടങ്ങിയ അവിശ്വാസങ്ങളിൽ കുടുങ്ങാതിരുന്നത്. എന്തുകൊണ്ടാണ് അല്ലാഹുവിന്റെ അനുസരണശാലിയായ ദാസനായിക്കൊണ്ട് മറ്റുള്ളവരുടെ സന്മാർഗത്തിന് നിമിത്തമായത്. അദ്ദേഹത്തിനുമേൽ അല്ലാഹുവിന്റെ ഗ്രന്ഥം ഇറങ്ങിയതുകൊണ്ടല്ലേ? നിങ്ങൾ അതിൽനിന്ന് പിന്തള്ളപ്പെട്ടവരായിരുന്നു. എന്നല്ല ആ ഗ്രന്ഥത്തിന്റെ ആവശ്യമുണ്ടെന്നുതന്നെ കരുതിയില്ല.'

അതിനുശേഷം ഈ വഹ്‌യുടെ അനുഗ്രഹങ്ങളിലേക്ക് സൂചിപ്പിക്കുന്നതിനുവേണ്ടി മുഹമ്മദേ! നാം നിന്നിൽ ആത്മീയമായ എല്ലാ ആവശ്യങ്ങളുടേയും വിശദീകരണവും കാരുണ്യത്തിന്റേയും സന്മാർഗത്തിന്റേയും സാധനങ്ങളുമുള്ള ആ ഗ്രന്ഥവുമിറക്കി. അതായത് നിന്നിലും നിന്റെ ജനതയിലുമുള്ള വ്യത്യാസം ഇതേ ഗ്രന്ഥം കാരണത്താലാണ്.

ഇവിടെ ***കുല്ലി ശയ്ഇൻ*** കൊണ്ടുള്ള ഉദ്ദേശ്യം ലോകത്തിലെ സകലവസ്തുക്കളുമല്ല. ഈഗ്രന്ഥവുമായി ചേർന്നുവരുന്ന വസ്തുക്കളാണ് ഉദ്ദേശ്യം. ഏതെങ്കിലും ഉസ്താദ് തന്റെ ശിഷ്യനോടു മുഴുവൻ ഗ്രന്ഥവും എടുത്തുകൊണ്ടുവരിക എന്നു പറഞ്ഞാൽ അതിന്റെ ഉദ്ദേശ്യം ലൈബ്രറിയിലെ മുഴുവൻ ഗ്രന്ഥവും എടുത്തുകൊണ്ടുവരിക എന്നതായിരിക്കുകയില്ല. പ്രത്യുത അതുകൊണ്ടുള്ള ഉദ്ദേശ്യം തന്റെ ഗ്രന്ഥങ്ങൾ എടുത്തുകൊണ്ടുവരിക എന്നതു മാത്രമായിരിക്കും. അതുപോലെ ഇവിടേയും '***കുൽ***' കൊണ്ടുള്ള ഉദ്ദേശ്യം ആത്മീയാഭിവൃദ്ധിക്ക് അനിവാര്യമായിട്ടുള്ള വസ്തുക്കളാണ്. ചില പ്രശ്നങ്ങളുടെ തഫ്സീർ ഹദീഥുകളിൽനിന്നുമാത്രമാണ് ലഭിക്കുന്നതെന്ന് ആരെങ്കിലും പറഞ്ഞാൽ അതിനുള്ള മറുപടി ഇതാണ്, തത്ത്വങ്ങൾ മുഴുവനും വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുണ്ട്. ഹദീഥുകളിൽ വിവരിച്ചിട്ടുള്ള തഫ്സീർ വിശുദ്ധ ഖുർആനിന്റെ തഫ്സീറാണ്. മുഹമ്മദ് റസൂലുല്ലായ്ക്ക് അല്ലാഹു വിശുദ്ധ ഖുർആനിന്റെ അറിവ് ഏറ്റവും കൂടുതൽ നല്കിയിരുന്നു. ആ മഹാത്മാവ് വിശുദ്ധ ഖുർആനിൽനിന്ന് എന്തൊരു ഉദ്ദേശ്യമാണോ എടുത്തിരുന്നത് നമുക്ക് എടുക്കാൻ പറ്റുകയില്ല. അതിനാൽ അവിടന്ന് ഖുർആനികമായ ഉദ്ദേശ്യങ്ങളുടെ ചില വ്യാഖ്യാനങ്ങൾ വിവരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അർഥം വിശുദ്ധ ഖുർആൻ അപൂർണമാണെന്നല്ല. പ്രത്യുത അതിന്റെ അർഥം നബി(സ)തിരുമേനി തന്റെ തികവുറ്റ അറിവുകൊണ്ട് ആ പ്രശ്നങ്ങൾ വിശുദ്ധ ഖുർആനുമായി മനനംചെയ്തുവെന്നാണ്. നമ്മുടെ ബുദ്ധി ആ അതിസൂക്ഷ്മമായതിനെ തിരിച്ചറിഞ്ഞില്ല.

അഹ്‌ലെ ഖുർആൻ എന്ന് പറയപ്പെടുന്നവർക്ക് ഈ പ്രശ്നത്തിൽ ഗുരുതരമായ അബദ്ധം പിണഞ്ഞിരിക്കുന്നു. അവർ പറയുന്നത്, മുഹമ്മദു റസൂലുല്ലാഹി(സ) നമ്മളെപ്പോലെ ഒരു മനുഷ്യനായിരുന്നു. അദ്ദേഹം പറയുന്നത് എന്തിന് അംഗീകരിക്കണം? എന്താണോ വിശുദ്ധ ഖുർആനിലുള്ളത് അതിൽ വിശ്വസിക്കുന്നതായിരിക്കുമെന്നാണ്. വാസ്തവത്തിൽ നബി(സ)തിരുമേനിയുടെ കാര്യങ്ങൾ വിശ്വസിക്കുന്നതിന്റെ പ്രശ്നമേയല്ല ഇത്. പ്രത്യുത പ്രശ്നം അവിടന്ന് നമ്മളെക്കാൾ കൂടുതൽ വിശുദ്ധ ഖുർആൻ മനസ്സിലാക്കിയിരുന്നോ എന്നാണ്.

അല്ലാഹു പറയുന്നു: ***വമാ യൻത്വിഖു അനിൽ ഹവാ ഇൻ ഹുവ ഇല്ലാ വഹ്‌യുൻയ്യൂഹാ*** നബി(സ)തിരുമേനി വിശുദ്ധ ഖുർആനിനെ കുറിച്ച് എന്തൊന്നാണോ പറഞ്ഞിരുന്നത് ദൈവികവെളിപാടനുസരിച്ചാണ് പറഞ്ഞിരുന്നത്. തെറ്റു ചെയ്യാറില്ലായിരുന്നു. അതുകൊണ്ട് ആരെയാണോ അല്ലാഹു സുരക്ഷിതനാക്കിവെച്ചത് അദ്ദേഹത്തിന്റെ ഖുർആനിക ജ്ഞാനത്തെ മറ്റുള്ളവരുടെ ജ്ഞാനത്തെക്കാൾ മുന്തിക്കുന്നതായിരിക്കും. ഈ ഹദീഥ് ശരിയാണോ എന്ന കാര്യത്തിൽ ചർച്ച ചെയ്യുക എന്നതാണ് നമ്മുടെ കടമ. എന്നാൽ, ഹദീഥ് ശരിയാണെന്നും നബി(സ)തിരുമേനിയാണ് തെറ്റു ചെയ്തതെന്നും നമുക്ക് പറയാൻ പറ്റുകയില്ല. നഊദുബില്ലാഹ് മിൻ ദാലിക് വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തെ സംബന്ധിച്ച് അവിടത്തെ തഫ്സീർ നമുക്ക് മനസ്സിലാകുന്നില്ലെങ്കിൽ അപ്പോഴും അവിടത്തെ തഫ്സീറിനെ നമുക്ക് ശരിയാണെന്ന് അംഗീകരിക്കേണ്ടിവരും. ഏതു ഹദീഥിലാണോ അത് രേഖപ്പെടുത്തിയിട്ടുള്ളത് അത് ഹദീഥുകളുടെ തത്ത്വം പൂർണമായും പാലിക്കുന്നതാണെങ്കിൽ!

ഇവിടെ വിശുദ്ധ ഖുർആനിന്റെ നാലു ജോലികൾ പറഞ്ഞിരിക്കുന്നു. 1) തിബ്‌യാനൻ ലികുല്ലി ശയ്ഇൻ ആത്മീയതയുടെ അത്യാവശ്യമായ എല്ലാ കാര്യങ്ങളും അതിലുണ്ട്. 2) സന്മാർഗമുണ്ട്. 3) കാരുണ്യമുണ്ട്. 4)മുഅ്മിനീങ്ങൾക്ക് സുവാർത്തയുണ്ട്. *(തഫ്സീറെ കബീർ വാള്യം 4, പേജ് 218, പ്രസാധനം 2010 ഖാദിയാൻ)*

**നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ) അവന്റെ ദൂതനാകുന്നു) എന്നത്രെ – ഹദ്റത്ത് മസീഹ് മൗഊദ്(അ)**

"നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ)അവന്റെ ദൂതനാകുന്നു) എന്നത്രെ. ഇവിടെ ഈ ലോകത്ത് നാം പുലർത്തിവരുന്നതും മറുലോകത്തേക്കു നാം കടക്കുന്ന സമയംവരെ ദൈവനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോടു ഒട്ടിനില്ക്കുന്നതുമായ വിശ്വാസം ഇതാണ്. നമ്മുടെ ആത്മീയ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനി 'ഖാത്തമുന്നബിയ്യീ' നും 'ഖയ്റുൽമുർസലീ' നും ആകുന്നു. അവിടത്തെ കൈയാൽ മതത്തിനു പൂർണിമയും അനുഗ്രഹപദവിയുടെ പരിപൂർത്തിയും വന്നുകഴിഞ്ഞു. അതു മുഖേന മനുഷ്യന് സത്യപാത കൈവരിച്ചുകൊണ്ട് അല്ലാഹുവിന്റെ അടുക്കലോളം എത്താനാവും. നാം സുദൃഢം വിശ്വസിക്കുന്നു വിശുദ്ധ ഖുർആൻ ഗ്രന്ഥങ്ങളുടെ മുദ്ര അതായത് എല്ലാ ദിവ്യഗ്രന്ഥങ്ങളിലുംവച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ള ഗ്രന്ഥമാണ്. അതിന്റെ നിശ്ചിത 'ശറഅ്'കളിൽ നിന്നും (നിയമങ്ങളിൽനിന്നും) അതിരുകളിൽനിന്നും കല്പനകളിൽനിന്നും വള്ളിപുള്ളി നീക്കുവാനോ അവയിൽ കൂട്ടിച്ചേർക്കുവാനോ പാടുള്ളതല്ല. വിശുദ്ധ ഖുർആനിലെ കല്പനകളെ റദ്ദാക്കുകയോ മാറ്റുകയോ ദുർബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്ന ഒരു വെളിപാടും ദൈവവചനവും ഉണ്ടായിരിക്കുന്നതല്ല. അത്തരം വിശ്വാസം ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അയാൾ എന്റെ അഭിപ്രായത്തിൽ സത്യവിശ്വാസികളുടെ കൂട്ടത്തിൽ പെട്ടവനല്ല. അതുമുഖേന അയാൾ ഒരു അവിശ്വാസിയായിത്തീരുകയും ചെയ്യുന്നു." (റൂഹാനീ ഖസായിൻ, വാള്യം 3, പേജ് 169, 170, ഇസാലയെ ഔഹാം പേജ് 137,138 ഒന്നാം പതിപ്പ്)

## നമ്മൾ സ്വഹാബത്തിനെപോലെ ആകണം

നമ്മുടെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് പറയുന്നു:
"ലോകത്തിന് യഥാർഥ ഇസ്‌ലാം പഠിപ്പിക്കണമെങ്കിൽ ഏറ്റവുമാദ്യം നബി(സ)തിരുമേനിയുടെ സ്വഹാബത്ത് ആ മഹാത്മാവിനെ അനുധാവനം ചെയ്തുകൊണ്ട് സ്ഥാപിച്ച ഈ നിലവാരത്തിലുള്ളബന്ധം അല്ലാഹുവുമായി ഉണ്ടാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതിന്റെ ചിത്രം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ കോറിയിട്ടിരിക്കുന്നു. അവിടന്ന് പറയുന്നു: 'വിശുദ്ധ ഖുർആൻ അവരുടെ(സ്വഹാബത്തിന്റേ)ആദ്യത്തെ അവസ്ഥ ഇങ്ങനെ വരച്ചുകാണിച്ചത് അത്യധികം വലിയ കാര്യമാണ്. **യഅ്കുലൂന കമാ തഅ്കുലുൽ ആൻആമ** (47:13) കാലികൾ തിന്നുന്നതുപോലെയാണ് അവർ തിന്നാറുണ്ടായിരുന്നത്. കുഫ്റിന്റെ കാലത്തെ അവരുടെ അവസ്ഥ അതായിരുന്നു. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധ സ്വാധീനങ്ങൾ അവരിൽ പരിവർത്തനമുണ്ടാക്കിയപ്പോൾ അവരുടെ അവസ്ഥ **യബീത്തൂന ലി റബ്ബിഹിം സുജ്ജദിൻ വ്വ ഖിയാമാ** (25:65) എന്നായി. അതായത് അവർ തങ്ങളുടെ റബ്ബിന്റെ തിരുസന്നിധിയിൽ സുജൂദു ചെയ്തും നിന്നും രാത്രികൾ കഴിച്ചുകൂട്ടി.

*(മൽഫൂദാത്ത് വാള്യം 9, പേജ് 145)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin